2 ചേരിതിരിവുകൾ സഭയെ തകർക്കുന്നു
3 എന്നേക്കും ജീവിക്കണോ; പെട്ടെന്നു മരിക്കണോ
4 പുരുഷത്വം കാണിപ്പീൻ
7 കാഴ്ചയ്ക്കപ്പുറം
8 വാർത്തകൾ



# ക്രിസ്ത്യൻ വേൾഡ്

Christian world

ക്രൈസ്തവ മാധ്യമം

2017 മാർച്ച് 1 | വാല്യം 12 | ലക്കം 3 | REG.NO:KERMAL/2006/17464 POSTAL REG. NO. KL/QN/341/2015-2017 | പേജ് 8




## ഏഷ്യയിൽ ക്രൈസ്തവപീഡനം വർധിക്കുന്നു

തിരുവനന്തപുരം: ഏഷ്യാ ഭൂഖണ്ഡത്തിലെ വിവിധ രാജ്യങ്ങളിൽ ക്രൈസ്തവപീഡനം വർധിക്കുന്നതായി റിപ്പോർട്ടുകൾ. അമേരിക്ക ആസ്ഥാനമായി പ്രവർത്തിക്കുന്ന അന്താരാഷ്ട്ര ക്രിസ്ത്യൻ സംഘടനയായ ഓപ്പൺ ഡോർസിന്റെ 2017 ലെ വേൾഡ് വാച്ച് ലിസ്റ്റിലാണ് ഈ വിവരം രേഖപ്പെടുത്തിയിരിക്കുന്നത്. ആഗോളതലത്തിൽ ക്രൈസ്തവപീഡനങ്ങളിൽ ഉത്തരകൊറിയയാണ് ഒന്നാം സ്ഥാനത്ത് ഉള്ളത്. ഏഷ്യാ ഭൂഖണ്ഡത്തിലെ ഉത്തരകൊറിയ ഓപ്പൺ ഡോർസിന്റെ റിപ്പോർട്ട് പ്രകാരം 14 വർഷമായി ഈ നില തുടരുകയാണ്. ലോകത്തിലെ ക്രൈസ്തവപീഡനങ്ങൾ നടക്കുന്ന ആദ്യത്തെ 50 രാഷ്ട്രങ്ങളുടെ പേരുവിവരങ്ങൾ പുറത്തുവിട്ടതിലാണ് ഉത്തരകൊറിയ 92 പോയിന്റുമായി ഒന്നാം സ്ഥാനത്തുള്ളത്. 91 പോയിന്റുമായി ആഫ്രിക്കയിലെ സൊമാലിയായും 89 പോയിന്റുമായി ഏഷ്യയിലെ അഫ്ഗാനിസ്ഥാനും യഥാക്രമം രണ്ടും മൂന്നും സ്ഥാനത്തുണ്ട്.

ക്രൈസ്തവപീഡനം ഏറ്റവുമധികം നടക്കുന്ന ലോകത്തിലെ ആദ്യത്തെ 10 രാഷ്ട്രങ്ങളിൽ 4 മുതൽ 10 വരെയുള്ള സ്ഥാനങ്ങളിൽ പാക്കിസ്ഥാൻ, സുഡാൻ, സിറിയ, ഇറാക്ക്, ഇറാൻ, യെമൻ, എറിത്രിയ എന്നീ രാജ്യങ്ങളാണുള്ളത്. ഇതിൽ സുഡാനും എറിത്രിയയും ഒഴികെയുള്ളവ ഏഷ്യൻ രാജ്യങ്ങളാണ്. ഓപ്പൺ ഡോർസിന്റെ വേൾഡ് വാച്ച് ലിസ്റ്റനുസരിച്ച് ഇന്ത്യ പതിനഞ്ചാം സ്ഥാനത്താണ്. 2016ൽ ഓരോ മാസവും ഇന്ത്യയിൽ ശരാശരി 40 ക്രൈസ്തവ പീഡനങ്ങൾ നടന്നതായാണ് റിപ്പോർട്ട്. ലോകത്തിൽ 215 മില്യൻ ക്രൈസ്തവർ ശക്തമായ പീഡനങ്ങൾ നേരിടുന്നതായി കണക്കുകൾ ചൂണ്ടിക്കാട്ടി ഓപ്പൺ ഡോർസ് പ്രസിഡന്റും സിഇഓയുമായ ഡേവിഡ് ക്യൂറി വ്യക്തമാക്കുന്നു.

## മലയാളികൾ ഉൾപ്പെടെ മൂന്ന് ലക്ഷം ഇന്ത്യക്കാരെ അമേരിക്ക പുറത്താക്കുന്നു!

കുടിയേറ്റക്കാർക്കെതിരെ ശക്തമായ നിയമവുമായി അമേരിക്കൻ പ്രസിഡന്റ് ഡൊണാൾഡ് ട്രംപ്. മതിയായ രേഖകളില്ലാതെ അമേരിക്കയിൽ പാർക്കുന്നവരെയും കുറ്റകൃത്യങ്ങളിൽ കുടുങ്ങുന്നവരെയും എന്നന്നേക്കുമായി രാജ്യത്ത് നിന്നും കെട്ടുകെട്ടിക്കാനുള്ള പുതിയ നിയമങ്ങളും നിർദ്ദേശങ്ങളും അടങ്ങുന്ന പുതിയ നയരേഖ ആഭ്യന്തരസുരക്ഷാവിഭാഗം തയ്യാറാക്കി. പദ്ധതി വിജയകരമാക്കുന്നതിന് 15,000 പുതിയ ഉദ്യോഗസ്ഥരെയാണ് എടുക്കുന്നത്. എന്നാൽ, ഇതിനെതിരെ ശക്തമായ പ്രതിഷേധവും ഉയരുന്നുണ്ട്.

കുടിയേറ്റക്കാരില്ലാതെ ഒരു ദിവസമില്ലെന്ന് പ്രഖ്യാപിച്ച് കഴിഞ്ഞയാഴ്ച അമേരിക്കയിലെങ്ങും പ്രതിഷേധം നടന്നിരുന്നു. വിദേശികൾ ഇല്ലാതെ അമേരിക്ക ഇല്ലെന്നും അമേരിക്കയുടെ ജനസംഖ്യയിൽ 13 ശതമാനം മാത്രമാണ് അമേരിക്കയിൽ ജനിച്ചു വളർന്നവരെന്നും പ്രതിഷേധക്കാർ പറഞ്ഞു. താമസരേഖകളും പൗരത്വവും സ്വന്തമായ രേഖകളും ഇല്ലാതെ വർഷങ്ങളായി അമേരിക്കയിൽ കിടക്കുന്ന മൂന്ന് ലക്ഷത്തോളം ഇന്ത്യാക്കാർ രാജ്യം വിടേണ്ടിവരും. പുറത്തായാൽ പിന്നെ രണ്ടു വർഷത്തോളം അമേരിക്ക കണികാണാനും പറ്റില്ല. മലയാളികൾ ഉൾപ്പെടെ ഇന്ത്യൻ വംശജരായ മൂന്നുലക്ഷം പേർ പുറത്താകുന്ന രീതിയിലാണ് പുതിയ നിർദ്ദേശം വ്യവസ്ഥ ചെയ്യുന്നത്.

കുടിയേറ്റനിയമം ലംഘിച്ചതായി തോന്നിയാൽ അവരെ അറസ്റ്റുചെയ്ത ഉടൻ സ്വരാജ്യത്തേക്ക് അയയ്ക്കാൻ ആഭ്യന്തരസുരക്ഷാവകുപ്പിന്

(ശേഷം പേജ് 6)

## അമേരിക്കൻ സംസ്ഥാനത്ത് ബൈബിൾ ഔദ്യോഗികഗ്രന്ഥമാക്കാൻ ബിൽ

ചാൾസ്റ്റൻ: അമേരിക്കയിലെ വെസ്റ്റ് വിർജീനിയ സംസ്ഥാനത്തിൽ വിശുദ്ധ ബൈബിൾ ഔദ്യോഗിക ഗ്രന്ഥമാക്കാൻ വേണ്ട നടപടികൾക്ക് നിയമജ്ഞർ തുടക്കമിട്ടു. 1931–ലെ നിയമം ഭേദഗതി ചെയ്യാൻ വേണ്ടി 'ഹൗസ് ബിൽ 2568' എന്ന ബില്ലാണ് നിയമസഭയിൽ അവതരിപ്പിച്ചത്. നിയമഭേദഗതി പാസ്സായാൽ വെസ്റ്റ് വിർജീനിയ സംസ്ഥാനത്ത് ബൈബിൾ ഔദ്യോഗികഗ്രന്ഥമാകും.

നിയമസഭാംഗമായ ജെഫ് എൽറിഡ്ജാണ് ബില്ല് സഭയിൽ അവതരിപ്പിച്ചത്. മറ്റ് നിയമസഭാംഗങ്ങളായ റൊഡിഗിറൊ, മെയ്നാൽഡ്, മില്ലർ, മാർക്കും, വൈറ്റ്, ഹിക്ക്സ്, സ്റ്റോർച്ച്, ഹാമിൽട്ടൻ, ഡീൻ, വെസ്റ്റ്ഫാൾ എന്നിവർ ബില്ലിനെ പിന്താങ്ങി. ജുഡീഷ്യറി കമ്മിറ്റിക്കു മുമ്പാകെയാണ് ബിൽ സമർപ്പിച്ചിരിക്കുന്നത്.

ദൈവവിശ്വാസം തള്ളികളഞ്ഞു നിരീശ്വരപ്രസ്ഥാനങ്ങൾക്കും ഭൗതീകവാദത്തിനും ഏറെ പ്രാധാന്യം കൊടുത്ത അമേരിക്കൻ ജനത ശക്തമായ ക്രൈസ്തവ വിശ്വാസത്തിലേക്ക് മടങ്ങിവരുന്നുവെന്ന സൂചനയാണ് പുതിയ ബിൽ നൽകുന്നത്.

# അഞ്ഞൂറാം വാർഷികനിറവിൽ പ്രൊട്ടസ്റ്റന്റ് സഭ

### ലൂഥറൻ ആശയങ്ങൾ സഭാനവീകരണത്തിനും ലോകചരിത്രത്തെ ആധുനികതയിലേക്കും നയിച്ചു. മാർപ്പാപ്പ വാർഷികാഘോഷത്തിൽ പങ്കെടുത്തത് വിവാദത്തിൽ

തോമസ് തോന്നയ്ക്കൽ

ക്രൈസ്തവ സഭാജീവിതത്തെ വചനകേന്ദ്രീകൃതമാക്കുന്നതിൽ മാർട്ടിൻ ലൂഥർ തുടങ്ങിവെച്ച നവീകരണം സഹായിച്ചുവെന്നു ആഗോള കത്തോലിക്കാസഭയുടെ അധ്യക്ഷൻ ഫ്രാൻസിസ് മാർപാപ്പ അഭിപ്രായപ്പെട്ടു. പ്രൊട്ടസ്ന്റ് സഭയുടെ അഞ്ഞൂറാം വാർഷികം സ്വീഡനിൽ ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു മാർപാപ്പ.

തെക്കൻ സ്വീഡനിലെ പ്രസിദ്ധമായ ലൂഥറൻ ചർച്ചിലായിരുന്നു വാർഷികാഘോഷത്തിനു തുടക്കമായത്. മാർപാപ്പയും ലോക ലൂഥറൻ ഫെഡറേഷൻ പ്രസിഡന്റ് ബിഷപ്പ് മുനീബ് എ. യൗനാനും സംയുക്ത പ്രഖ്യാപനത്തിൽ ഒപ്പുവെച്ചു.

അതേസമയം മാർപാപ്പ ചടങ്ങിൽ പങ്കെടുത്തതിൽ കത്തോലിക്കാ സഭയിലെ യാഥാസ്ഥിതികർ എതിർപ്പുമായെത്തി. സഭയെ പിളർത്തിയ പ്രസ്ഥാനത്തിന്റെ ആഘോഷത്തിനു മാർപാപ്പ പോകരുതെന്നായിരുന്നു എതിർത്തവരുടെ അഭിപ്രായം. ചടങ്ങിൽ മാർപാപ്പയെ പങ്കെടുപ്പിച്ചതിൽ ലൂഥറൻ ദൈവശാസ്ത്രകാരന്മാരും എതിർപ്പുമായെത്തി. നവീകരണം കഴിഞ്ഞുപോയോ എന്നു ചോദിച്ചുകൊണ്ട് അവർ പുറത്തിറക്കിയ ലഘുലേഖയിൽ സഭാനേതൃത്വത്തിന്റെ നടപടിയെ ചോദ്യം ചെയ്യുന്നുണ്ട്. ഈ ഇരുപത്തിയൊന്നാം നൂറ്റാണ്ടിലും 500 കൊല്ലംമുൻപ് നവീകരണത്തിനു തുടക്കമിട്ട വേദപുസ്തക സംബന്ധമായ വിഷയങ്ങൾ അതുപോലെ നിലനിൽക്കുകയാണ്. നമ്മുടെ അടിസ്ഥാനം വേദപുസ്തകമാണ്. യേശുക്രിസ്തുവിലൂടെയുള്ള രക്ഷ വിശ്വാസത്താലാണു ലഭിക്കുന്നതെന്ന അടിത്തറയിലാണ് ഞങ്ങൾ ഉറച്ചുനിൽക്കുന്നതെന്ന് ലൂഥറൻ ദൈവസാസ്ത്രകാരന്മാർ പ്രഖ്യാപിച്ചു.

ലൂഥറൻസഭ അതിന്റെ പ്രഖ്യാപിതലക്ഷ്യത്തിൽ നിന്നും പിന്നോട്ടുപോയിരിക്കുന്നുവെന്ന അഭിപ്രായം ശക്തമാണ്. വനിതാബിഷപ്പുമാരെ വാഴിക്കുന്ന സഭയിൽ സ്വവർഗാനുരാഗികളായ ബിഷപ്പുമാരും ഉള്ളതായി പറയപ്പെടുന്നു. കാഴ്ചപ്പാടു നഷ്ടപ്പെട്ട സഭ കത്തോലിക്കാ സഭയുമായി ബാന്ധവം കൂടുന്നതിൽ അതിശയിക്കാനില്ല.

കത്തോലിക്കാസഭയുടെ വചനവിരുദ്ധ ഉപദേശങ്ങളെയും മാർപാപ്പയുടെ അപ്രമാദിത്വത്തെയും കത്തോലിക്കാപുരോഹിതനായ മാർട്ടിൻ ലൂഥറൻ ചോദ്യം ചെയ്തുകൊണ്ട് രംഗത്തു വന്നത് നവീകരണത്തിനു തുടക്കംകുറിച്ചു. പാപമോചനത്തിനു ദണ്ഡമോചനച്ചീട്ടുകൾ, വിശ്വാസത്താലുള്ള രക്ഷയെ തള്ളിക്കളഞ്ഞുകൊണ്ട് സഭയുടെ കൂദാശകൾ വഴി രക്ഷപ്രാപിക്കാം എന്ന ഉപദേശം, മരിച്ചവർക്കുവേണ്ടിയുള്ള പ്രാർഥന, പുരോഹിതന്മാരുടെ മുൻപിൽ കുമ്പസാരിക്കൽ മുതലായ വചനവിരുദ്ധ ഉപദേശങ്ങളെ ലൂഥർ എതിർക്കുകയും 95 കുറ്റസംഗതികൾ 1517 ഒക്ടോബർ 31 നു വിറ്റൻബർഗ് ദൈവാലയത്തിന്റെ മുഖ്യകവാടത്തിൽ എഴുതിപ്രദർശിപ്പിച്ചുകൊണ്ട് വിപ്ലവകരവും ചരിത്രപ്രസിദ്ധവുമായ നവീകരണത്തിനു തുടക്കം കുറിക്കുമ്പോൾ ലോകചരിത്രം തന്നെ ആധുനികയുഗത്തിലേക്കു പ്രവേശിക്കുകയായിരുന്നു.

ലൂഥറിന്റെ നവീകരണ പ്രവർത്തനങ്ങൾ പ്രൊട്ടസ്റ്റന്റ് പ്രസ്ഥാനത്തിനു തുടക്കംകുറിക്കയും ആത്മികസ്വാതന്ത്ര്യത്തിന്റെയും ഉണർവിന്റെയും വസന്തകാലം വരവാകുകയും ദൈവസഭ മണവാളനായ കർത്താവിനെ സ്വീകരിക്കാൻ തയ്യാറെടുക്കുമ്പോഴും കത്തോലിക്കാസഭ എക്യുമിനിസത്തിന്റെയും മതസൗഹാർദത്തിന്റെയും പേരിൽ സഭയുടെ പവിത്രതകളഞ്ഞ് വിജാതീയതയോടു സംബന്ധംകൂടാനുള്ള നെട്ടോട്ടത്തിലാണ്. ആത്മീയാന്ധത ബാധിച്ച ലൂഥറൻ സഭാനേതാക്കൾ പേപ്പസിയോട് സൗഹാർദം കൂടി പഴയ ലാവണത്തിലേക്കു മടങ്ങുമ്പോൾ പ്രൊട്ടസ്റ്റാന്റിസത്തിനു കാവൽഭടന്മാർ ലൂഥറൻ ആശയങ്ങളെ ഉയർത്തിപ്പിടിക്കും.

ക്രിസ്ത്യൻ വേൾഡ്
1192 കുംഭം - മീനം



## ദൈവഹിതം

ഹെൻട്രി വർലി എന്ന ദൈവഭക്തൻ ഒരിക്കൽ ഇങ്ങനെ പറഞ്ഞു: "ദൈവത്തിനായി സകലവും പൂർണ്ണമായി സമർപ്പിക്കപ്പെട്ട ഒരു മനുഷ്യനെകൊണ്ട്, അവനുവേണ്ടിയും, മറ്റുള്ളവർക്കായും, അവനിൽ കൂടിയും ദൈവത്തിനു എന്തുചെയ്യുവാൻ കഴിയും എന്നത് ലോകം ഇന്നുവരെയും കണ്ടിട്ടില്ല".

ഹെൻട്രി വർലിയാണ് പ്രസിദ്ധനായ ഡി.എൽ മൂഡിയെ ക്രിസ്തീയ ശുശ്രൂഷക്കായി പ്രചോദനം നൽകിയത്. ഇദ്ദേഹത്തിന്റെ പ്രസ്താവന വളരെ പ്രസക്തമാണ്. ദൈവത്തിനായി പൂർണ്ണമായി സമർപ്പിച്ചവരെ എല്ലാകാലത്തും ദൈവം ഉപയോഗിച്ചിട്ടുണ്ട്. ദൈവഹിതത്തിലേക്ക് ജനത്തെ നയിക്കുവാൻ അതാത് കാലഘട്ടങ്ങളിൽ ദൈവം വ്യത്യസ്ത രീതികളിൽ തന്റെ ഭക്തരിലൂടെ പ്രവർത്തിച്ചു. അവർ ദൈവത്തിന്റെ ഇഷ്ടം നിറവേറ്റുവാൻ തങ്ങളെ സമർപ്പിച്ചപ്പോൾ, ദൈവം കരത്തിലിണങ്ങിയ ആയുധങ്ങളായി അവരെ ഉപയോഗിച്ചു. അവർ ദൈവപ്രവൃത്തിയുടെ മാധ്യമങ്ങളായിരുന്നു. അതുകൊണ്ട് തന്നെ സകലമഹത്വവും ദൈവത്തിനു അവർ അർപ്പിച്ചു. അനർഹരായ തങ്ങളെ ഉപയോഗിച്ച ദൈവകൃപയെ സ്മരിച്ച് ദൈവത്തിന്റെ പാദങ്ങളിൽ അവർ നമിച്ചു. ദൈവം തുടർന്നും അവരിലൂടെ പ്രവർത്തിച്ചുകൊണ്ടേയിരുന്നു.

ഇന്നും ദൈവത്തിനായി പൂർണ്ണമായി സമർപ്പിക്കുന്നവരെ ദൈവം ഉപയോഗിക്കുന്നു. ദൈവത്താൽ പ്രയോജനപ്പെടുവാനുള്ള മാനദണ്ഡം പാരമ്പര്യമോ, ഔന്നിത്യമോ അല്ല. തികച്ചും സാധാരണക്കാരായിരുന്നു യേശുവിന്റെ ശിഷ്യന്മാർ. എന്നാൽ ദൈവത്തിനായി അവർ തങ്ങളെ സമർപ്പിച്ചപ്പോൾ അസാധാരണമായി ദൈവം അവരിൽ വെളിപ്പെട്ടു. ഹഡ്സൺ ടെയിലറിന്റെ ജീവിതം ഇതിനുദാഹരണമാണ്.

ചൈനയിൽ സുവിശേഷ ചൈതന്യം പകർന്ന വ്യക്തിയാണ് ഹഡ്സൺ ടെയ്ലർ. തന്റെ ബാല്യകാല അഭിലാഷമായിരുന്നു ചൈനയിൽ ഒരു മിഷണറിയായി പോകുക എന്നത്. ഞാൻ വളർന്നു വലുതാകുമ്പോൾ ഒരു മിഷണറിയായി ചൈനയിലേക്ക് പോകും എന്നു വെറും അഞ്ച് വയസ്സു മാത്രമുണ്ടായിരുന്ന ഹഡ്സൺ പറഞ്ഞത്രെ.

കുട്ടിക്കാലത്ത് തന്നെ സുവിശേഷ ദർശനം പ്രാപിച്ച ഹഡ്സൺ എന്തു ത്യാഗം സഹിച്ചും ചൈനയിലേക്ക് പോകുവാൻ ജീവിതത്തെ ഒരുക്കി. ബാല്യത്തിൽ ഏറെ ശാരീരിക ബലഹീനത തന്നെ വേട്ടയാടിയെങ്കിലും ദിനം തോറും ദർശന നിവർത്തിക്കായി തന്റെ തീരുമാനം ഉറപ്പിച്ചുകൊണ്ടിരുന്നു.

പലരും ചോദിച്ചു: ഹഡ്സനു അതു കഴിയുമോ? എന്നാൽ ഹഡ്സൺ തികഞ്ഞ വിശ്വാസത്തോടെ പറഞ്ഞു: ദൈവം എന്നെ സഹായിക്കും. അങ്ങനെ 1853 - ൽ ഹഡ്സൺ ചൈനയിലേക്ക് കപ്പൽ കയറി. അപരിചിതമായിരുന്ന ചൈനയിൽ താൻ ഇറങ്ങുമ്പോൾ കഷ്ടതകൾ തനിക്കായി കാത്തിരിക്കുന്നു എന്ന് ഹഡ്സനു ബോധ്യമുണ്ടായിരുന്നു. ഒരു മിഷണറി പോലും ചെന്നിട്ടില്ലാത്ത സ്ഥലങ്ങളിൽ ഹഡ്സൺ ചെല്ലുമ്പോൾ ഉപദ്രവങ്ങളും പ്രതികൂലങ്ങളുമായിരുന്നു തന്നെ എതിരേറ്റത്. ചൈന ഇൻലാൻഡ് മിഷൻ രൂപീകരിച്ച് പ്രവർത്തനം വിശാലമാക്കിയ ഹഡ്സന്റെ സമർപ്പണത്തിന്റെ ഫലമായി ചൈനയിൽ സുവിശേഷത്തിന്റെ പ്രഭ ശോഭിച്ചു. മരണം വരെ ചൈനക്കായി ജീവിതം മാറ്റി വച്ച ഹഡ്സനു ഇതിനിടയിൽ ഭാര്യയും മൂന്നു മക്കളും നഷ്ടമായി. 1905 - ഏപ്രിൽ 17 നു ശോഭനപുരത്തേക്ക് യാത്രയാകുമ്പോൾ ചൈനയിൽ ഒരു വൻ കൊയ്ത്തിനായി വിതക്കപ്പെടുന്ന വിത്താകുകയായിരുന്നു ഹഡ്സൺ ടെയ്ലർ. ജനസംഖ്യയിൽ ഏറ്റവും മുന്നിൽ നില്ക്കുന്ന ചൈന ഇന്ന് സുവിശേഷം അതിവേഗം പടർന്നുകൊണ്ടിരിക്കുന്ന ഒരു രാജ്യമാണ്.

ഹഡ്സൺ ടെയിലർ എന്ന ബാലന്റെ ദർശനവും സമർപ്പണവും ചൈനയിൽ സുവിശേഷത്തിന്റെ വാതിൽ തുറന്നുവെങ്കിൽ ദൈവപ്രവൃത്തിക്കായി പൂർണ്ണമായി സമർപ്പിക്കുന്ന ആരെയും ദൈവം ഉപയോഗിക്കും എന്നതിൽ സംശയമില്ല. ഹെൻട്രി വർലി പറഞ്ഞതുപോലെ ദൈവ ഇഷ്ടത്തിനായി സമ്പൂർണ്ണമായി സമർപ്പിക്കുന്ന വ്യക്തിയെ ദൈവം എങ്ങനെയെല്ലാം ഉപയോഗിക്കുമെന്ന് ലോകം ഇനിയും കണ്ടിട്ടില്ല. അത് ആർക്കും നിർവ്വചിക്കുവാനും കഴിഞ്ഞിട്ടില്ല. ഞാൻ ചെയ്യുന്ന പ്രവൃത്തി എന്നിൽ വിശ്വസിക്കുന്നവനും ചെയ്യും; ഞാൻ പിതാവിന്റെ അടുക്കൽ പോകുന്നതുകൊണ്ടു അതിൽ വലിയതും അവൻ ചെയ്യും (യോഹന്നാൻ 14:12) എന്നാണ് കർത്താവായ യേശു പറഞ്ഞത്. അതെ, ആ അനിർവ്വചനിയമായ പ്രവൃത്തി നമ്മിൽ നിറവേറട്ടെ.

പാസ്റ്റർ ഡി. കുഞ്ഞുമോൻ
എഡിറ്റർ

ഇതിലെ ലേഖനങ്ങളുടെ ഉത്തരവാദിത്വം
എഴുത്തുകാർക്കു മാത്രമാണ്.

# ചേരിതിരിവുകൾ സഭയെ തകർക്കുന്നു



സന്തോഷ് എം.റ്റി.

നമ്മെ മെനഞ്ഞ ഉടമസ്ഥനു ഒരു നല്ല മാനപാത്രമാകണമെങ്കിൽ ഒന്നാമതായി, ദൈവവുമായി ബന്ധമുള്ളവരായിരിക്കണം. രണ്ടാമതായി കൂട്ടായ്മാബന്ധമുണ്ടായിരിക്കണം. മൂന്നാമതായി, അപ്പൊസ്തലിക ഉപദേശങ്ങൾ കൈക്കൊള്ളുന്നവരായിരിക്കണം. പ്രധാനമായി ഈ മൂന്നു കാര്യങ്ങൾക്ക് മുൻതൂക്കം കൊടുക്കുന്നവർ തീർച്ചയായും തന്റെ സഭയ്ക്കും ദേശത്തിനും കുടുംബത്തിനും സമൂഹത്തിനും മാത്രമല്ല, തന്നെ മെനഞ്ഞ ഉടമസ്ഥന് ഒരു നല്ല മാനപാത്രമാകാൻ ഇടയാകും.



ഇന്നത്തെ കാലഘട്ടത്തിന്റെ പ്രത്യേകത നോക്കിയാൽ ദൈവത്തിന്റെ മാനപാത്രമാകുന്നതിനെക്കാൾ ലോകത്തിന്റെ മാനപാത്രമാകാനും ലോകപ്രശസ്തി ആഗ്രഹിക്കുന്നവരും ലോകത്തിൽ എന്തെങ്കിലുമൊക്കെ നേടാനും ലോകത്തിൽ വലുതായി ഭാവിക്കാനും ഏറെ താൽപര്യം കാണിക്കുന്ന സഭയും സംഘടനയുമായി മാറിക്കൊണ്ടിരിക്കുന്നു. നമ്മുടെ ലക്ഷ്യബോധം പലപ്പോഴും നാം മറന്നുപോകുന്നതുകൊണ്ടാണ് ഇങ്ങനെ സംഭവിക്കുന്നത്. എന്നാൽ, നമ്മുടെ ഓരോരുത്തരുടെയും ആദ്യവിശ്വാസം അങ്ങനെയല്ലായിരുന്നു.

നാം എന്തെങ്കിലുമായി എന്ന ഒരു തോന്നലാണ് പിശാചിന്റെ മുതലെടുപ്പിനു കാരണമായി മാറുന്നത്. കേവലം അൻപതുപേർ തികച്ച് കൂടുന്ന ഓരോ സഭകളിലും രണ്ടും മൂന്നും പക്ഷമായി മാറി ചേരിതിരിഞ്ഞ് സഭാശുശ്രൂഷകനും ദേശത്തിനും ലജ്ജാകരമായ രീതിയിലുള്ള മോശമായ ഫലങ്ങളാണ് ഇന്നു കണ്ടുവരുന്നത്. സഭാശുശ്രൂഷകർ താക്കീതു ചെയ്താലും പുല്ലുവില കല്പിക്കാത്ത വിശ്വാസികൾ, എതിരഭിപ്രായകർ, ഒന്നിലും ഇണങ്ങാത്തവർ, എന്തിനേറെ തെരുവുചട്ടമ്പികൾപോലും തോറ്റുപോകുന്ന സംഘട്ടനങ്ങളാണ് ഏറിയ സഭകളിലും അരങ്ങേറുന്നത്. ഇവരെല്ലാം പറയുന്നത്, ഞങ്ങളും ദശാംശം കൊടുക്കുന്നവരാണ്, അല്ലെങ്കിൽ മെമ്പർഷിപ്പുള്ളവരാണ് എന്നൊക്കെയാണ്. എന്താണിതിനു പിന്നിൽ വ്യാപരിക്കുന്ന ശക്തി. കൺവൻഷനില്ലാത്തതാണോ? സഭാരാധന ഇല്ലാത്തതാണോ? ഉപവാസമില്ലാത്തതാണോ? പ്രാർഥനയില്ലാത്തതാണോ? ഇതൊക്കെ മുറപോലെ നടക്കുന്നുണ്ടെങ്കിലും ഇതൊന്നും ഹൃദയംകൊണ്ടു സ്വീകരിക്കുന്നില്ല എന്നതാണു മർമസത്യം. മാത്രമല്ല, ദൈവവുമായി ഒരു ബന്ധവുമില്ല. കൂട്ടായ്മ കഴിഞ്ഞ് ദൈവത്തോടും സഭാവിശ്വാസികളോടും ദൈവത്തിന്റെ ഭക്തന്മാരോടും നന്ദിപറഞ്ഞ് വീട്ടിൽപോകേണ്ട ജനം ഇന്നു ചേരിതിരിഞ്ഞ് കോലാഹലങ്ങൾ സൃഷ്ടിക്കുമ്പോൾ ഒന്നുമറിയാത്ത ദേശവാസികൾ പോയി പ്രശ്നം പരിഹരിക്കേണ്ടതായി വരുന്ന സഭകളുടെ എണ്ണവും ഒട്ടും കുറവല്ല.

മടങ്ങിവന്നേ മതിയാകൂ. പരമവിളിയുടെ മഹത്ത്വം മുറുകെപ്പിടിച്ചേ പറ്റൂ. നാം ഇവിടത്തെ മാനപാത്രമാകാൻ ശ്രമിക്കുന്നതാണ് എല്ലാ പ്രശ്നങ്ങൾക്കും കാരണം. സ്വർഗത്തിലെ ദൈവത്തിന്റെ മാനപാത്രമാകാനാണ് ഈ പരമവിളിയുടെ ലക്ഷ്യം. അതുകൊണ്ട് ആദ്യവിശ്വാസം മുറുകെപ്പിടിച്ച് നമ്മുടെ മുൻപിൽ വെച്ചിരിക്കുന്ന ഓട്ടം സ്ഥിരതയോടെ ഓടി വിശ്വാസ പോർക്കളത്തിൽ അടരാടാം. ദൈവവചനത്തിൽ ഇല്ലാത്തതിനെ മാറ്റിനിർത്തുക. അതുകൊണ്ട് പൗലൊസ് തന്റെ ശുശ്രൂഷകന്മാരെ പഠിപ്പിച്ചതുപോലെ നാം മറ്റുള്ളവരുടെ മുൻപിൽ ഹീനരായിത്തീരാതെ മാനപാത്രമായിത്തീരാൻ ശ്രമിക്കുക. നമ്മുടെ മാനവും താഴ്മയും വിനയവും നല്ല ഫലവും കണ്ടാണ് മറ്റൊരു വ്യക്തി നമ്മെ ആകർഷിക്കുന്നത്. അങ്ങനെയായാൽ മാത്രമേ വിശ്വാസജീവിതത്തിൽ നല്ല മാനപാത്രങ്ങളായി തീരാൻ സാധിക്കൂ.

**EDITORIAL BOARD**

Managing Editor : Viju Ambattu
Editor : D. Kunjumon Pothancode 9947780814
Circulation Manager : Reji P. Paul Ph. 9447598535

മാസികയിലേക്ക് രചനകൾ അയയ്ക്കേണ്ട വിലാസം:
Christian World
P.B.No. 5., Puthuppally
Kottayam 686011
Email:christianworld2006@gmail.com
എല്ലാ മാസവും ഒന്നാം തീയതി പ്രസിദ്ധീകരിക്കുന്നു

വാർഷിക വരിസംഖ്യ 120 രൂപ

വരിസംഖ്യ അയക്കേണ്ട വിലാസം
Sam T. Mukathala
Christian World, Alummoodu P.O.,
Kollam- 691 577, Kerala
Ac No: 0272073000000210
The South Indian Bank, Christian World, Perumpuzha Br.
IFSC Code:SIBL0000272

# എന്നേക്കും ജീവിക്കണോ; പെട്ടെന്ന് മരിക്കണോ ?

**നിങ്ങൾ ദൈവത്തിൽ വിശ്വസിക്കുന്നവരെങ്കിൽ ഒന്ന് മനസിലാക്കൂ. മറ്റുള്ളവരുടെ കാഴ്ചയ്ക്കിമ്പമായി ദൈവത്തിന്റെ പേരിൽ നിങ്ങൾ അർപ്പിച്ച നാണയതുട്ടുകൾ ചുറ്റുമുള്ളവർ കണ്ടേന്നിരിക്കാം. അവർ നിങ്ങൾക്ക് മഹത്വവും പുകഴ്ചയും തന്നെന്നുമിരിക്കാം. പക്ഷേ, ദൈവമത് കാണുന്നില്ല.**



ഷാജി മാറാനാഥാ
9446785383

ആ മനുഷ്യൻ നിറഞ്ഞ കണ്ണുകളോടെ ആ ആദ്ധ്യാത്മിക പ്രസ്ഥാനത്തിന്റെ ഓരം ചേർന്ന് നിൽക്കുമ്പോഴാണ് ഞാൻ യാദൃശ്ചികമായി അവിടേക്ക് ചെന്നത്. നിസ്സഹായതയോടെ എന്നെ നോക്കുന്ന ആ മനുഷ്യന്റെ നോട്ടം തട്ടിക്കളഞ്ഞ് പോകാൻ എനിക്കായില്ല. ദൈന്യത നിറഞ്ഞ അദ്ദേഹത്തിന്റെ കണ്ണുകളിലേക്ക് നോക്കി ഞാൻ ചോദിച്ചു, 'എന്ത് പറ്റി. കണ്ണ് നിറഞ്ഞിരിക്കുന്നല്ലോ.... അദ്ദേഹം ആ വിഷാദത്തിനിടയിലും ചെറിയൊരു പുഞ്ചിരി വരുത്താൻ ശ്രമിച്ചുകൊണ്ട് പറഞ്ഞു. ഞാനൊരു സുവിശേഷ പ്രവർത്തകനാണ്. ഇപ്പോൾ ചില മാസങ്ങളായി ഒരു കഠിന രോഗത്താൽ ഭാരപ്പെടുകയാണ്. എന്റെ ഭാര്യ ബ്രെയിൻ ട്യൂമറിനാലും ക്ലേശിക്കുന്നു. ഏക മകനും സുവിശേഷ വേലയിലാണ്. വീടില്ല, വാടകവീട്ടിലാണ് താമസം. പണമില്ലാത്തതിനാൽ ഭാര്യയ്ക്കും എനിക്കും വേണ്ടത്ര ചികിത്സയൊന്നും ലഭിക്കുന്നില്ല. ചികിത്സയ്ക്ക് ഒരു സഹായം ചോദിക്കാൻ വന്നതാണ്. സമയതിരക്ക് കൊണ്ടാകണം എന്നെ വേണ്ടത്ര പരിഗണിച്ചില്ല.... എന്നെ പരിചയപ്പെടുത്താനും ഇവിടെ ആരും ഉണ്ടായിരുന്നില്ല...

സാരോപദേശം കൊട്ടിഘോഷിക്കുന്ന ആ പ്രസ്ഥാനത്തിന്റ പൊള്ളയായ പ്രകടനങ്ങളിൽ എനിക്ക് വല്ലാതെ ലജ്ജ തോന്നി. ആവശ്യത്തിരിക്കുന്നവന്റെ സാമീപ്യം തൊട്ടടുത്തുള്ളപ്പോൾ, അവനെ തിരിച്ചറിയാതെയും കണ്ടിട്ടും കണ്ടില്ലെന്നു നടിച്ചും കൊണ്ട് നന്മയ്ക്ക് വേണ്ടിയെന്ന പേരിൽ മുഴക്കുന്ന പ്രബോധനങ്ങൾ വെറും കപട ജൽപ്പനങ്ങളല്ലേ എന്നും ചിന്തിക്കാതിരുന്നില്ല. അർഹതയുള്ളവനെ കണ്ടിട്ടും കാണാതെ നന്മപ്രവർത്തികളെല്ലാം വാക്കിലും കടലാസിലും ഒതുക്കുന്ന ആധുനിക പരീശന്മാരെ കൊണ്ട് ആദ്ധ്യാത്മിക ലോകവും നിറഞ്ഞിരിക്കുന്നു.

വിശദമായി പരിചയപ്പെടുത്തിയപ്പോൾ എനിക്കദ്ദേഹത്തെക്കുറിച്ച് കൂടുതൽ ബോധ്യം വന്നു. രോഗം വരുന്നതിനും വർഷങ്ങൾക്ക് മുമ്പ് ഞാൻ ആ മനുഷ്യനെ പരിചയപ്പെട്ടിട്ടുള്ളതാണ്. അദ്ദേഹത്തെ അവിടെ നിർത്തിയതിന് ശേഷം മടങ്ങിച്ചെന്ന ഞാൻ പെട്ടെന്ന് തന്നെ ചില ക്രമീകരണങ്ങൾ ചെയ്തു ചെറിയ ചില സഹായങ്ങളൊക്കെ ഒരുക്കിക്കൊടുത്തു തന്നെ യാത്രയാക്കി. വീട്ടിലേക്ക് മടങ്ങുമ്പോഴും എന്റെ മനസ് സ്വസ്ഥമായിരുന്നില്ല. ഇങ്ങനെ എത്രയോ പേർ ദിനം തോറും മറ്റുള്ളവരുടെ മുന്നിൽ ഒരു സഹായത്തിന് വേണ്ടി കൈനീട്ടി നിൽക്കുന്നു. കരം തുറന്ന് പ്രവർത്തിക്കുവാൻ നമുക്ക് സാഹചര്യമുണ്ടായിട്ടും നാം അവരെ കണ്ടില്ലെന്ന് നടിക്കുന്നു. ഇത്തരക്കാരെല്ലാം കള്ളമാരെന്ന് അടച്ചാക്ഷേപിച്ച് നമ്മുടെ കടമകളിൽ നിന്ന് കൈകഴുകുന്നു. പേരും പെരുമയും ലഭിക്കുന്നിടത്ത് നാം കരങ്ങൾ തുറക്കുന്നു. പൊങ്ങച്ചത്തിന്റെയും പ്രൗഢിയുടേയും ഒട്ടക്കാലണകളെ ഉയർത്തിക്കാട്ടി മറ്റുള്ളവരെ ബോധ്യപ്പെടുത്താൻ നാം വൃഥാ ശ്രമിക്കുന്നു.

ചില ആരാധനാലയങ്ങളിൽ സംഭാവന പറയുന്നവരെ പ്രത്യേകം ശ്രദ്ധിച്ചിട്ടുണ്ട്. മറ്റുള്ളവരുടെ മുന്നിൽ 'ഒന്ന് പൊങ്ങുവാൻ' വലിയ തുകകൾ വാഗ്ദാനം ചെയ്യുന്നു. ആരും കാണാത്ത ഇടങ്ങളിൽ മുന്നിൽ വന്ന് കൈനീട്ടുന്നവരെ ആട്ടിപ്പായിക്കാനും ഇവർ മറക്കുന്നില്ല. ക്രിസ്തുവിന്റെ ഐഹിക കാലത്തും ഇത്തരക്കാർ അവിടെയുണ്ടായിരുന്നു. അവർ വലിയ അങ്കി ധരിക്കുന്നവരും സമൂഹത്തിൽ മുന്തിയ സ്ഥാനം അലങ്കരിക്കുന്നവരും അത് കാംഷിക്കുന്നുവരും ആയിരുന്നു. ക്രിസ്തു അവരെ "വെള്ള തേച്ച ശവക്കല്ലറകളെ " എന്നാണ് വിളിച്ചത്. നിങ്ങൾ ദൈവത്തിൽ വിശ്വസിക്കുന്നവരെങ്കിൽ ഒന്ന് മനസിലാക്കൂ. മറ്റുള്ളവരുടെ കാഴ്ചയ്ക്കിമ്പമായി ദൈവത്തിന്റെ പേരിൽ നിങ്ങൾ അർപ്പിച്ച നാണയതുട്ടുകൾ ചുറ്റുമുള്ളവർ കണ്ടേന്നിരിക്കാം. അവർ നിങ്ങൾക്ക് മഹത്വവും പുകഴ്ചയും തന്നെന്നുമിരിക്കാം. പക്ഷേ, ദൈവമത് കാണുന്നില്ല. ഇടം കൈ കൊടുക്കുന്നത് വലങ്കൈ അറിയാതെ നിങ്ങൾ ചെയ്യുന്നത്, ആരും കണ്ടില്ലെങ്കിലും സർവ്വശക്തന്റെ ദൃഷ്ടി അതിന്മേൽ പതിഞ്ഞിരിക്കും. കരയുന്ന സഹജന്റെ കണ്ണീരൊപ്പുന്നവൻ ദൈവത്തിന് നീതിമാനാണ്. അവന്റെ സന്തതിയും അപ്പം ഇരക്കുവാൻ ദൈവം അനുവദിക്കയില്ല.

ആധുനിക ലോകത്ത് നന്മയെ ഉപദേശിക്കുന്നവർ വളരെ കൂടുതലാണ്. നന്മ ചെയ്യുവാനുള്ള ഉപദേശങ്ങൾ തലനാരിഴ കീറി പഠിപ്പിക്കുന്നു. നന്മ ചെയ്യുവാൻ ഗവേഷണം നടത്തുന്നു. പക്ഷേ യേശുക്രിസ്തു പരീശപക്ഷത്തെക്കുറിച്ച് പറഞ്ഞത് പോലെ "വലിയ ഉപദേശം വിളമ്പുന്നുയെങ്കിലും ഒരു ചെറുവിരൽ കൊണ്ട് പോലും അവരതിൽ സ്പർശിക്കുന്നില്ല". നാമും ആ പരീശന്മാരെ പോലെയാണോ? നമ്മുടെ പ്രവർത്തികൾ വെറും പ്രകടനങ്ങളും അഭിനയങ്ങളും മാത്രമാണോ? ഉപദേശങ്ങളിൽ മികവ് കാണിക്കുന്നതുപോലെ തന്നെ അത് പ്രാവർത്തികമാക്കുന്നതിലും ശ്രദ്ധ വേണം. അത് നമ്മുടെ വ്യക്തിത്വവും ജീവനുമാകണം. നിസ്സഹായന് താങ്ങാകുന്നതിലും വലിയൊരു നന്മ ഈ ലോകത്തിൽ നമുക്ക് ചെയ്യാനില്ല.

കഴിഞ്ഞയിടെ ഒരു ശാസ്ത്രകുറിപ്പിൽ മനുഷ്യന്റെ മരണശേഷം ഹൃദയം 10 മിനിട്ട് വരേയും തലച്ചോർ 20 മിനിട്ട് വരേയും കണ്ണ് 4 മണിക്കൂർ വരേയും ത്വക്ക് 5 ദിവസം വരേയും ജീവിച്ചിരിക്കുന്നുയെന്നും വായിച്ചു. ലോകത്ത് ഏറ്റവും അധികം മാന്യതയും വിലയും കൽപ്പിക്കുന്ന മനുഷ്യൻ മരണത്തോടെ അത്രമാത്രം പരിമിതപ്പെടുന്നു. അങ്ങേയറ്റം 5 ദിവസങ്ങൾക്കുള്ളിൽ അവൻ തന്റെ സർവ്വപ്രയത്നത്തോടും കൂടെ ഇല്ലാതാകുന്നു. എന്നാൽ ഈ ലോകത്തിൽ വിലയുള്ളതും ജീവനുള്ളതുമായ ശാരീരിക അവയവങ്ങൾ അവിടംകൊണ്ട് ഇല്ലാതാകുമ്പോഴും ആ അവയവങ്ങൾ കൊണ്ട് ചിന്തിച്ചും പ്രവർത്തിച്ചും




മനുഷ്യൻ ചെയ്ത നന്മകൾ, അത് എന്നേക്കും ജീവിച്ചിരിക്കുന്നു. നമുക്കാരാവണം, പൊടുന്നനെ മരിച്ച് ഓർമ്മപോലും ശേഷിപ്പിക്കാത്തവരോ, കഴിയുന്ന നന്മകൾ ചെയ്ത് സമൂഹത്തിൽ പ്രകാശം വിതറി എന്നേക്കും ജീവിച്ചിരിക്കുന്നവരോ? തീരുമാനം നമ്മുടേതാണ്.

# കൊയ്ത്തിനായി ഒരുങ്ങാം



ബിനു വടക്കഞ്ചേരി



പാലക്കാടിന്റെ പ്രശാന്ത സുന്ദരമായ ഗ്രാമങ്ങളിൽ കൊയ്ത്തിനായി വിളഞ്ഞു നിൽക്കുന്ന പാടങ്ങളുടെ കാഴ്ച ആരുടെയും കണ്ണു കുളിർപ്പിക്കുന്നതാണ്. കൃഷിക്കാരൻ തന്റെ കൃഷിയിടത്തിലെ മണ്ണ് ഉഴുതു മറിച്ചു വിതയ്ക്കാനായി കൃഷിയിടം ഒരുക്കി വിത്ത് പാകി, ഞാറാകുമ്പോൾ നട്ട് പിന്നീട് വെള്ളവും വളവും പാകത്തിന് നൽകി ക്ഷമയോടെ നല്ലൊരു കൊയ്ത്തു കാലത്തിനായി കാത്തിരിക്കും.

ഒരു കൃഷികാരന്റെ വിശ്രമമില്ലാത്ത പകലുകളിൽ കഠിന അധ്വാനത്തിന്റെ ഫലമായിരിക്കും വരാൻപോകുന്ന ആ കൊയ്ത്തുൽസവം.

'കൃഷിക്കാരൻ ഭൂമിയുടെ വിലയേറിയ ഫലത്തിനു കാത്തുകൊണ്ട് മുന്മഴയും പിന്മഴയും അതിനു കിട്ടുവോളം ദീർഘക്ഷമയോടിരിക്കുന്നുവല്ലോ.

നിങ്ങളും ദീർഘ ക്ഷമയോടിരിക്കുവിൻ' (യാക്കോബ് 5: 7). 2017-ൽ ഒരു ആത്മീയ കൊയ്ത്തിനായി നമുക്ക് ഒരുങ്ങാം.

വയലുകലേറെ ഉണ്ട് എന്നാൽ വിതകാരോ വിരളം... വിതയ്ക്കുവാൻ ആളില്ലെങ്കിൽ എങ്ങനെ കൊയ്യും?

ക്രിസ്തുവിനുവേണ്ടി ജീവിതം നൽകുന്ന ദർശനമുള്ള മിഷനറിമാർ ഈ പുതു തലമുറയിൽ നിന്നും എഴുനേൽക്കട്ടെ. അതോടൊപ്പം ഇന്നും മിന്നുന്ന ഉന്നതഭൃത്യന്മാർ അന്യരാകാതെ ക്രിസ്തുവിനു വേണ്ടി അന്ത്യംവരെ നല്ല പോർ പൊരുതുവാൻ നമുക്ക് പ്രാർത്ഥിക്കാം.

'സീയോൻ മക്കളേ, ഘോഷിച്ചുല്ലസിച്ചു നിങ്ങളുടെ ദൈവമായ യഹോവയിൽ സന്തോഷിക്കുവിൻ! അവൻ തക്ക അളവായി നിങ്ങൾക്കു മുന്മഴയും പിന്മഴയുമായ വർഷം പെയ്യിച്ചു തരുന്നു' (യോവേൽ 2:23).

അതേ! നമുക്കായി മുന്മഴയും പിന്മഴയും 2017 ൽ പെയ്യിച്ചു തരുവാൻ ദൈവം ശക്തൻ. നാം തയാറാകാം വലിയൊരു കൊയ്ത്തിനായി നമുക്കൊരുങ്ങാം.

അതിനായി ദൈവം നമ്മെ സഹായിക്കട്ടെ! ഏവർക്കും പുതുവത്സരാശംസകൾ. 'ദേശമെല്ലാം ഉണർന്നിടുവാൻ യേശുവിനേ ഉയർത്തിടുവാൻ ആശിഷ്യമാരി അയക്കേണമേ ഈ ശിഷ്യരാം നിൻ ദാസരിൽ മേൽ'



# പുരുഷത്വം കാണിപ്പീൻ



**പാസ്റ്റർ ജിജി പോൾ, ചവറ**

വിശുദ്ധ തിരുവെഴുത്തിന്റെ മലയാള വിവർത്തനത്തിലെ പല വാക്കുകളും പ്രയോഗങ്ങളും ചിലപ്പോഴെങ്കിലും ആശയകുഴപ്പം സൃഷ്ടിക്കുവാൻ സാധ്യതയുണ്ടെന്ന് പറയപ്പെടുന്നു .'പുരുഷത്വം കാണിപ്പീൻ' (1 കൊരി. 16:13) എന്ന ദൈവവചന ഭാഗവും അതിൽ ഒന്നാണ് എന്ന് കരുതുന്നു. വാസ്തവത്തിൽ എന്താണ് 'പുരുഷത്വം കാണിപ്പീൻ' എന്ന സന്ദേശത്തിന്റെ അർത്ഥം. ആംഗലേയ ബൈബിളിൽ 'Be men of courage' (N.I.V) എന്നാണ് കൊടുത്തിരിക്കുന്നത്. അതായത് ധൈര്യമുള്ള അഥവാ ധൈര്യശാലികളായ പുരുഷന്മാരെപ്പോലെയാകുവിൻ എന്നാണ്. നാടൻ ശൈലിയിൽ 'തന്റേടത്വമുള്ളവരാകുവിൻ' എന്നും പറയാം.

പൗലോസ് അപ്പൊസ്തലൻ കൊരിന്ത്യസഭയെ പ്രബോധിപ്പിക്കുകയാണിവിടെ. ഇത് പുരുഷന്മാരോട് മാത്രമുള്ള സന്ദേശമല്ല, സ്ത്രീകളോടും യുവതികളോടും കുഞ്ഞുങ്ങളോടും വൃദ്ധരോടുമുള്ള പൊതുവായ സന്ദേശമായിട്ടാണ് ധൈര്യമുള്ള പുരുഷന്മാരെപ്പോലെയാകുവിൻ അല്ലെങ്കിൽ തന്റേടത്വമുള്ളവരാകുവിൻ എന്ന് അപ്പൊസ്തലൻ പറയുന്നത്.

ആദ്ധ്യാത്മിക ജീവിതത്തിൽ ഒരു ഭക്തൻ തന്റേടത്വം കാണിക്കേണ്ട ചില സ്ഥലങ്ങൾ ഇവിടെ ചൂണ്ടിക്കാണിക്കട്ടെ.

### 1. വേർപാടിൽ തന്റേടത്വമുള്ളവരാകുവീൻ

"അടിയങ്ങളെ പത്ത് ദിവസം പരീക്ഷിച്ച് നോക്കിയാലും, അവർ ഞങ്ങൾക്ക് തിന്നുവാൻ ശാകപദാർത്ഥവും കുടിക്കുവാൻ പച്ചവെള്ളവും തന്നു നോക്കട്ടെ" (ദാനി 1:12).

രാജസന്നിധിയിലേക്ക് തിരെഞ്ഞെടുക്കപ്പെട്ട ഒരു സ്വതന്ത്ര മനുഷ്യന് (free man) ബാബിലോൺ രാജാവ് നൽകിയിരുന്ന മൂന്ന് കാര്യങ്ങളാണ്, (1). രാജാവിന്റെ ഭോജനം (2). രാജാവ് കുടിക്കുന്ന വീഞ്ഞ് (3) രാജകൊട്ടാരത്തിൽ തൊഴിൽ എന്നിവയെന്നാണ് പണ്ഡിതമതം (Ronal S. wallace, The message of Daniel, p.33; ഡോ. ബി. വർഗ്ഗീസ്, ദാനിയേൽ പ്രവചനഭാഷ്യം, p.42). എന്നാൽ രാജാവിന്റെ കല്പനയിൽപെട്ട ഭോജനങ്ങളാൽ തങ്ങളെ അശുദ്ധമാക്കുകയില്ല എന്ന് അവർ തീരുമാനിച്ചു (1:8,11,14). ഇതിന്റെ കാരണം ദൈവം കൊടുത്ത പ്രമാണമായിരുന്നു (ലേവ്യ. 11). സ്വീകാര്യവും അസ്വീകാര്യവുമായ ഭക്ഷണങ്ങളെക്കുറിച്ച് വ്യക്തമായി ദൈവം യിസ്രായേലിന് വ്യവസ്ഥ കൊടുത്തിരുന്നു. കൂടാതെ ബാബിലോന്യ ഭക്ഷണ സാധനങ്ങൾ അവരുടെ ദേവീദേവന്മാരുടെ മുമ്പിൽ നിവേദിച്ചതിനുശേഷം മാത്രമേ ഭക്ഷിക്കുവാനായി കൊടുത്തിരുന്നുള്ളൂ.

അത്ര ഗൗരവമല്ല എന്ന് പലർക്കും തോന്നുന്ന വിഷയങ്ങളിൽ പോലും ദൈവിക പ്രമാണം മുറുകെ പിടിക്കുവാൻ അവർ ധൈര്യം കാണിച്ചു. സുഖസാഹചര്യത്തിന്റെ ശീതള കാറ്റിൽ ആത്മീക മൂല്യങ്ങളെ പറത്തികൊണ്ട് , 'നാടോടുമ്പോൾ നടുവേ ഓടുക, ചേരയെ തിന്നുന്ന നാട്ടിൽ ചെല്ലുമ്പോൾ അതിന്റെ നടുത്തുണ്ടം തിന്നുക', എന്നീ രീതികളെ അവലംബിച്ചവരല്ലായിരുന്നു ദാനിയേലും കൂട്ടരും. വിശ്വാസികളുടെ നടുവിൽ വിശ്വാസികളെപ്പോലെയും ലൗകീകരുടെ നടുവിൽ ലൗകീകരെപ്പോലെയും അഭിനയിക്കുന്ന 'അനുരൂപപ്പെടലിനെ അലങ്കാരമാക്കിയ' ഉത്തരാധുനിക ക്രൈസ്തവർക്കു വെല്ലുവിളിയാണ് ആത്മീക വിഷയങ്ങൾക്ക് തെല്ലും വിട്ടുവീഴ്ച വരുത്താത്ത ദാനീയേലിന്റെയും കൂട്ടരുടേയും ധൈര്യമുള്ള വേർപാടിൽ ജീവിതം.

### 2. ആരാധനയിൽ തന്റേടത്വമുള്ളവരാകുവീൻ

"ഞങ്ങൾ സേവിക്കുന്ന ദൈവത്തിന് ഞങ്ങളെ വിടുവിപ്പാൻ കഴിയുമെങ്കിൽ അവൻ ഞങ്ങളെ എരിയുന്ന തീച്ചൂളയിൽ നിന്നും രാജാവിന്റെ കയ്യിൽ നിന്നും വിടുവിക്കും. അല്ലെങ്കിലും ഞങ്ങൾ രാജാവിന്റെ ദേവന്മാരെ സേവിക്കയില്ല. രാജാവ് നിർത്തിയ സ്വർണ്ണബിംബത്തെ നമസ്കരിക്കുകയുമില്ല എന്ന് അറിഞ്ഞാലും" എന്ന് ഉത്തരം പറഞ്ഞു (ദാനി. 3 :17,18).

ദാനിയേൽ പ്രവചന പുസ്തകത്തിന്റെ പ്രഥമ അദ്ധ്യായത്തിൽ യഹൂദ ബാലന്മാർ അഭിമുഖീകരിച്ച വെല്ലുവിളികൾ പേരു മാറ്റവും ഭക്ഷണമാറ്റവുമായിരുന്നു. എന്നാൽ മൂന്നാമദ്ധ്യായത്തിലെ വെല്ലുവിളി അതിഭയാനകവും അസഹനീയവുമായിരുന്നു. രാജാവ് കല്പിച്ചത്, 'വണങ്ങുക അല്ലെങ്കിൽ എരിയുക' (Bow or Be Burned) എന്നാണ്. പക്ഷെ യഹൂദ ബാലന്മാരുടെ മറുപടി 'അത് അസാദ്ധ്യം' (That's impossible) എന്നായിരുന്നു (വ. 17,18).

ഒരു യഥാർത്ഥ യഹൂദന് ഒരിക്കലും ബിംബത്തെ നമസ്കരിക്കുവാൻ സാധ്യമല്ല. ഇത് ദൈവം കൊടുത്ത പ്രമാണവും (പുറ. 20:4), ദൈവം വെറുക്കുന്ന പാപവുമാണ് (ആവ. 4:18). പ്രവാചകന്മാരും ശക്തമായി എതിർത്തിരുന്നു (യെശ. 40:19, 41:7, യിരെ 10:3). അതെ, ആരാധനയുടെ വിഷയത്തിൽ തന്റേടത്വം കാണിച്ച ഭക്തന്മാരായ ബാലന്മാർ എത്ര നല്ല മാതൃകയാണ്. പ്രാണനെക്കാൾ പ്രമാണത്തെ പ്രേമിച്ചവർ, ദൈവത്തെ ത്യജിക്കുന്നതിന് പകരം സ്വന്തജീവനെ ത്യജിക്കാൻ മടി കാണിക്കാത്തവർ, രാജാവിനെക്കാൾ രാജാധിരാജനെ ഭയപ്പെട്ടവർ. അതേ, തീച്ചൂളയെ പേടിക്കാത്ത ഈ യഹൂദബാലന്മാർ നമുക്കൊരു വെല്ലുവിളിയാണ്.

പ്രതിസന്ധിയിൽ ത്യാഗോജ്ജലമായ അനുസരണത്തിന്റെ ചുവടുവച്ചാൽ ഉണ്ടാകുന്ന ഗുണദോഷങ്ങളെ കുറിച്ച് കൂലംകഷമായി ചിന്തിച്ച്, പഠിച്ച് , ഗവേഷണം നടത്തി, അനുസരണത്തിന് കാലതാമസം വരുത്തുവാൻ ഇവർ താത്പര്യപ്പെട്ടില്ല. ഈ ഒരു പ്രാവിശ്യമെങ്കിലും ഒന്ന് ചെറുതായി വണങ്ങി ജീവൻ രക്ഷിച്ച്, പിന്നീട് ജീവിതകാലം മുഴുവൻ ദൈവത്തിനായി ജീവിച്ച് അവിടുത്തേക്ക് വേണ്ടി അധികം അദ്ധ്വാനിക്കാം എന്ന് ഇവർ ചിന്തിച്ചില്ല. ഞങ്ങൾ മരിച്ചാൽ ദൈവത്തിന് എന്ത് ഗുണം, ജീവിച്ചിരിക്കുന്നതല്ലേ ഗുണം? എന്നും ചിന്തിച്ചില്ല.

അനേകരെ ഭരിക്കുവാനും, അധികാരം കൊണ്ട് ഭരണതലത്തെപ്പോലും സ്വാധീനിക്കുവാനും പറ്റിയ നിലയിലുള്ള ഔന്നത്യമുള്ള ജോലിയും സ്ഥാനവും ഒരു നിമിഷം കൊണ്ട് അവസാനിപ്പിക്കുന്നത് ബുദ്ധിയോ? എന്ന് 'വെറും തത്വം' കൊണ്ട് 'വിലയേറിയ ത്യാഗജീവിതത്തെ' പോലും തുച്ഛീകരിക്കുന്നവരെപ്പോലെ അവർ ചിന്തിച്ചില്ല. ദൈവത്തോട് തെല്ലും അനുസരണക്കേട് കാണിപ്പാൻ തയ്യാറല്ലാത്ത ആത്മീക തന്റേടത്വമുള്ള യുവാക്കളെയാണ് നാം ഇവിടെ കാണുന്നത് .

അനുസരണക്കേടിന്റെ മുകളിൽ ഇരുന്നു കൊണ്ട് അനുസരണത്തിന്റെ ദൈവത്തെ സേവിക്കുക എന്നത് അസാധ്യമെന്ന് തിരിച്ചറിയുക.

**അനുസരണക്കേടിന്റെ മുകളിൽ ഇരുന്നു കൊണ്ട് അനുസരണത്തിന്റെ ദൈവത്തെ സേവിക്കുക എന്നത് അസാധ്യമെന്ന് തിരിച്ചറിയുക.**

### 3. പ്രാർത്ഥനയിൽ തന്റേടത്വമുള്ളവരാകുവീൻ

എന്നാൽ രേഖ എഴുതിയിരിക്കുന്നു എന്നു ദാനിയേൽ അറിഞ്ഞപ്പോൾ അവൻ വീട്ടിൽ ചെന്നു, -അവന്റെ മാളികമുറിയുടെ കിളിവാതിൽ യെരുശലേമിനു നേരെ തുറന്നിരുന്നു- താൻ മുമ്പെ ചെയ്തു വന്നതുപോലെ ദിവസം മൂന്നു പ്രാവശ്യം മുട്ടുകുത്തി തന്റെ ദൈവത്തിന്റെ സന്നിധിയിൽ പ്രാർത്ഥിച്ചു സ്തോത്രം ചെയ്തു (ദാനി. 6:10).

ബി.സി 538 ൽ ബെൽശെസ്സറിന്റെ അന്ത്യത്തോടു കൂടി ബാബിലോണ്യ സാമ്രാജ്യം അസ്തമിക്കുമ്പോൾ ദാര്യവേശിനാൽ മേദ്യ-പേർസ്യ സാമ്രാജ്യം ഉദിക്കപ്പെടുകയായിരുന്നു. ബാബിലോൺ രാജാവായ ബെൽശെസറിന്റെ കാലത്ത് ദാനിയേൽ രണ്ടാമനായിരുന്നെങ്കിൽ (5:7,16,29), മേദ്യനായ മേദ്യ-പേർസ്യ രാജാവായ ദാര്യവേശിന്റെ കാലത്ത് 120 സംസ്ഥാനങ്ങൾക്ക് 120 ദേശാധിപതികളുടെ മേലദ്ധ്യക്ഷ്യന്മാരായ 3 പേരിൽ ഒരുവനായിരുന്നു ദാനിയേൽ. ഇവരിൽ ഏറ്റവും വൈശിഷ്ട്യനായി തിളങ്ങിയതിനാൽ രാജാവ് ദാനിയേലിനെ സർവ്വാധികാരിയാക്കുവാൻ വിചാരിച്ചു (വ.3). ഇതിൽ അസൂയാലുക്കളായ ദേശാധിപതികൾ തന്നിൽ കുറ്റം കണ്ടുപിടിക്കാൻ ശ്രമിച്ചു. അതിൽ പരാജയപ്പെട്ടപ്പോൾ കെണിയൊരുക്കുകയായിരുന്നു പ്രാർത്ഥന സംബന്ധമായ വിഷയത്തിൽ ഒരു പുതിയനിയമം കൊണ്ടുവരുന്നതിലൂടെ.

സാഹചര്യം പ്രതികൂലമായപ്പോൾ ദൈവീകവിഷയങ്ങളിൽ ഉൾവലിഞ്ഞു കൊണ്ട് തത്ക്കാലത്തെക്കെങ്കിലും അനുരജ്ജനത്തിന് ഭക്തനായ ദാനിയേൽ തയ്യാറല്ലായിരുന്നു. യഥാർത്ഥ യഹൂദന്മാരെപോലെ യെരുശലേമിനെ നോക്കി പ്രാർത്ഥിക്കുന്ന കാര്യത്തിലും (1 രാജാ .3:44,48, 2 ദിന. 6 :34, യോനാ. 2:4, സങ്കീ. 5:7, 28:2, 138:2), ദിവസം മൂന്ന് തവണ പ്രാർത്ഥിക്കുന്ന കാര്യത്തിലും (സങ്കി.55:17) വീഴ്ച വരുത്തിയില്ല.

ആത്മീയ വിഷയങ്ങളിൽ തന്റേടത്വം കാണിക്കാതെ സ്വന്തം 'തടി' കേടുവരാതെ സൂക്ഷിക്കുന്ന ഉയർച്ച മാത്രം ഉന്നം വെക്കുന്ന ഉത്തരാധുനിക ക്രൈസ്തവർക്ക് വെല്ലുവിളിയാണ് ഭക്തനായ ദാനീയേൽ.

ദൈവത്തെക്കാൾ മാമോനെയും അവന്റെ അനുയായികളെയും സ്നേഹിക്കുന്നവർ ദൈവത്തിന് പോലും നാണക്കേടാണ്. ദൈവത്തെ പിറകിൽ വച്ചിട്ട് മാമോന്റെ പിന്നാലെയുള്ള ചിലരുടെ ഓട്ടം കണ്ടാൽ ദൈവം ഒരു ഉപകാരം പോലും ചെയ്തിട്ടില്ല എന്ന് തോന്നിപ്പോകും. മാമോന്റെ മുമ്പിൽ ദൈവത്തിന്റെ ശക്തിയെ കുറച്ചു കാണുന്നവർക്ക് ശിക്ഷ വരാതിരിക്കുകയില്ല.

തൊഴിലും പദവിയും നിലനിർത്താൻ പ്രാർത്ഥന നിർത്തുകയോ രഹസ്യത്തിലാക്കുകയോ ചെയ്യാത്ത ദാനിയേലിനെ മാനിച്ചുയർത്തിയ ഈ 'നല്ല ദൈവത്തിൽ' ധൈര്യം കണ്ടെത്തുക.

### 4.വിശുദ്ധിയിൽ തന്റേടത്വമുള്ളവരാകുവീൻ

"അതുകൊണ്ട് ഞാൻ ഈ മഹാദോഷം പ്രവർത്തിച്ച് ദൈവത്തോടു പാപം ചെയ്യുന്നത് എങ്ങനെ എന്നു പറഞ്ഞു" (ഉല്പ-39-9)

പാപത്തിന്റെ പരീക്ഷയിൽ പരാജയപ്പെടാത്ത യോസേഫിന്റെ ജീവിതം സകല വിശുദ്ധന്മാർക്കും ഉത്തമമാതൃകയാണ്. വിശുദ്ധജീവിതത്തിന് കളങ്കം ചാർത്തുവാൻ ശത്രുവിനെ അനുവദിച്ചില്ല. ഭൂമിയിലെ യജമാനത്തിയേക്കാൾ സ്വർഗ്ഗത്തിലെ യജമാനനെ പ്രസാദിപ്പിക്കുവാൻ തന്റേടത്വം കാണിച്ചു.

പോത്തീഫറിന്റെ ഭാര്യയെ അനുസരിക്കാതിരുന്നാലുള്ള അപകടങ്ങളെയും നഷ്ടങ്ങളെയും കുറിച്ച് ബോധ്യമുണ്ടായിരുന്നെങ്കിലും വിശുദ്ധിക്ക് വേണ്ടി ഉറച്ച് നില്ക്കുവാൻ ധൈര്യം കാണിച്ചു. പാപം ചെയ്താൽ കിട്ടുന്ന നേട്ടങ്ങളേക്കാൾ വിശുദ്ധിയിൽ ജീവിക്കാനും കഷ്ടതയുടെ പാത തിരഞ്ഞെടുക്കാനുമുള്ള തന്റേടത്വം കാണിച്ച യോസേഫ് നമുക്കൊരു മാതൃകയാണ്.

സാത്താനെ തലോടി കിട്ടുന്ന വേതനമോ സാമ്പത്തിക നേട്ടമോ കൊണ്ട് പ്രസ്ഥാനം തുടങ്ങി 'Boss' ആയിരിപ്പാൻ ആഗ്രഹിക്കുന്നതിനേക്കാൾ, പ്രമാണത്തിനായി ജീവിച്ച് സ്വസ്ഥമായി മരിക്കുന്നതല്ലേ നല്ലത്?. ഓർക്കുക, അശുദ്ധിയുടെ സിംഹാസനത്തിൽ ഇരുന്നുകൊണ്ട് വിശുദ്ധനായ ദൈവത്തിന്റെ വേല ചെയ്യുക അസാദ്ധ്യമാണ്.

(ശേഷം പേജ് 5)

# ഏലിയാവും മുഴങ്കാലും വന്മഴയും



ജെ.പി. വെണ്ണിക്കുളം

പ്രാർത്ഥന ഏതൊരു മനുഷ്യനെയും മാറ്റിമറിക്കുവാൻ ശക്തിയുള്ളതാണ്. പ്രാർത്ഥിക്കുന്നവന് സ്വർഗത്തെ ചലിപ്പിക്കാൻ കഴിയും. സ്വർഗത്തെ തുറക്കുന്ന താക്കോലാണു പ്രാർത്ഥന എന്ന് സാധു സുന്ദർസിംഗ് പറഞ്ഞിട്ടുണ്ട്. സ്വർഗത്തെ ചലിപ്പിക്കുന്ന കരത്തെ ചലിപ്പിക്കുവാൻ കഴിവുള്ളതാണ് പ്രാർത്ഥനയെന്നു ഡി.എൽ. മൂഡി അഭിപ്രായപ്പെട്ടിട്ടുണ്ട്. പ്രാർത്ഥനയെക്കുറിച്ചു ഇങ്ങനെ പല നിർവചനങ്ങളും കാണാം. പ്രാർത്ഥിക്കുന്നവന് ശക്തിയുണ്ട്. പ്രാർത്ഥിക്കാത്തവൻ ദുർബലനായിരിക്കും.

കർമേലിൽ ബാലിന്റേയും അശേരയുടെയും പ്രവാചകന്മാരെ വെല്ലുവിളിച്ചു ഒറ്റ പ്രാർത്ഥനയിലൂടെ സ്വർഗ്ഗത്തിൽനിന്നു തീ ഇറക്കി ജീവിക്കുന്ന ദൈവത്തെ വെളിപ്പെടുത്തിയവനാണ് ഏലിയാവ്. അധികം മുഖവുരകൾ ഇല്ലാത്ത ഏലിയാവ് നമ്മെപ്പോലെ സമസ്വഭാവമുള്ളവൻ എങ്കിലും അസാധാരണ പ്രവർത്തികൾക്ക് വേണ്ടി ദൈവം ഉപയോഗിച്ച മനുഷ്യൻ ആയിരുന്നു. ആഹാബ് രാജാവിന്റെ



മുഖത്തുനോക്കി 'ഞാൻ പറഞ്ഞല്ലാതെ ഈ ആണ്ടുകളിൽ മഞ്ഞും മഴയും പെയ്യുകയില്ല' എന്ന് വിളിച്ചുപറഞ്ഞ ഏലീയാവിനെ ദൈവം സുരക്ഷിത മേഖലകളിൽ പാർപ്പിച്ചു. എന്നാൽ, ക്ഷാമകാലം തീരാറായപ്പോൾ വീണ്ടും ഒരു അരുളപ്പാടിനായി ഏലിയാവ് കാത്തിരിക്കുകയാണ്.

കാർമേലിന്റെ മുകളിലേക്ക് പ്രാർത്ഥനയ്ക്കായി കയറും മുന്നേ ഏലിയാവ് ആഹാബിനോട് പറഞ്ഞു; ഒരു മഴയുടെ മുഴക്കം ഉണ്ട്. നീ വേഗം ഭക്ഷിച്ചു പാനം ചെയ്ക. ഇത് കേട്ട മാത്രയിൽ ആഹാബ് ഭക്ഷിക്കാനായി പോയി. എന്നാൽ ഭക്തൻ പ്രാർത്ഥനയിൽ സമയം ചിലവഴിച്ചു. 1 രാജാ. 18 ആം അധ്യായത്തിൽ മുഴങ്കാലുകൾക്കിടയിൽ തലവച്ചു പ്രാർത്ഥിക്കുന്ന ഏലീയാവിനെ നാം കാണുന്നു.

പ്രാർത്ഥനയ്ക്ക് മറുപടി ലഭിക്കും വരെ ഏലിയാവ് എഴുന്നേറ്റില്ല. ഇന്നലെകളിൽ പ്രാർത്ഥന കേട്ടവൻ വേഗം മറുപടിയുമായി വരുമെന്ന് ചിന്തിച്ചുകാണും. തന്നോടൊപ്പം ഉണ്ടായിരുന്ന ബാല്യക്കാരനെ കടൽക്കരയിലേക്കു അയക്കുന്ന ഏലിയാവ് പ്രാർത്ഥനയിൽ തുടർന്നു. ഒന്നും രണ്ടും മൂന്നും ഇങ്ങനെ 6 തവണ പോയ ബാല്യക്കാരൻ ഒന്നും കണ്ടില്ല. പോയതുപോലെ മടങ്ങി വന്നു. വരുമ്പോഴെല്ലാം നിരാശയുടെ വാക്കുകളാണ് ബാല്യക്കാരന് പറയാൻ ഉള്ളതെങ്കിലും പ്രാർത്ഥിക്കുന്ന ഏലിയാവ് നിരാശപ്പെടുന്നവൻ അല്ല. ബാല്യക്കാരനെ ധൈര്യപ്പെടുത്തി വീണ്ടും അയയ്ക്കുന്നു. മടികൂടാതെ ഓരോതവണയും പോയി വരുന്ന ബാല്യക്കാരനെ നാം കണ്ടുപഠിക്കണം. യജമാനന് വിധേയപ്പെടുന്നവനാണ് ഇവൻ. ഇതിനിടയിൽ ബാല്യക്കാരനെ നിരാശപ്പെടുത്താതെ പ്രതീക്ഷയുടെ വാക്കുകൾ നൽകി ഏലിയാവ് ധൈര്യപ്പെടുത്തി.

പ്രാർത്ഥിക്കുന്ന ഏലീയാവിനാണ് ദർശനം ഉള്ളത്. അതുകൊണ്ടുതന്നെ മഴയുടെ മുഴക്കം അവൻ തിരിച്ചറിഞ്ഞു. വരാൻ പോകുന്ന വന്മഴയെ കുറിച്ച് അറിഞ്ഞ ഏലിയാവ് പ്രാർത്ഥനയ്ക്കായി കർമ്മേലിൽ മുട്ടുമടക്കി. ഒരു മറുപടി കാണുംവരെ പ്രാർത്ഥന തുടർന്നു. ഏഴാം തവണ ബാല്യക്കാരൻ നോക്കിയപ്പോൾ കാണുന്ന കാഴ്ച അത്ഭുതാവഹം ആയിരുന്നു. മനുഷ്യന്റെ കൈ പോലെ ഒരു മേഘം പൊങ്ങുന്നതായി കണ്ടു. സന്തോഷവാനായ ബാല്യക്കാരൻ ഈ വിവരം ഏലീയാവിനെ ധരിപ്പിച്ചു. രഥം പൂട്ടി വേഗം പോകാനായി ഏലിയാവ് ആഹാബിനു നിർദേശം നൽകി. മഴ തടുക്കുവാൻ സാധ്യതയുണ്ടെന്ന് പ്രാർത്ഥിക്കുന്ന ഏലിയാവ് തിരിച്ചറിഞ്ഞു. കൊട്ടാരത്തിലെ പ്രത്യേക പരിശീലനം സിദ്ധിച്ച കുതിരകളുടെയും രഥങ്ങളുടെയും മുന്നിൽ ഏലിയാവ് ഓടി യിസ്രായേലിൽ എത്തി എന്ന് പറയുമ്പോൾ പ്രാർത്ഥിക്കുന്നവനിൽ വ്യാപരിക്കുന്ന ശക്തിയുടെ വലിപ്പം ചെറുതല്ല എന്ന സന്ദേശം കൂടി ലഭിക്കുന്നു.

പ്രിയ സ്നേഹിതരെ, നിങ്ങൾ പ്രാർത്ഥിക്കുന്ന വ്യക്തി എങ്കിൽ പ്രാർത്ഥന നിങ്ങളെ വ്യത്യസ്തരാക്കും. അസാധാരണ പ്രവർത്തികൾ നിങ്ങളിലും വെളിപ്പെടുവാനായി ദൈവകരങ്ങളിൽ ഏല്പിച്ചുകൊടുക്കുക. പ്രാർത്ഥന കേൾക്കുന്നവൻ ഇന്നും ജീവിക്കുന്നു.

## പുരുഷത്വം കാണിപ്പീൻ

(4-ാം പേജ് തുടർച്ച)

5. ശുശ്രൂഷയിൽ തന്റേടത്വമുള്ളവരാകുവീൻ

അവർ പത്രൊസിന്റെയും യോഹന്നാന്റെയും ധൈര്യം കാണുകയാലും ഇവർ പഠിപ്പില്ലാത്തവരും സാമാന്യരുമായ മനുഷ്യർ എന്ന് ഗ്രഹിക്കുകയാലും ആശ്ചര്യപ്പെട്ടു (അപ്പൊ. 4:13).

അപ്പൊസ്തലന്മാരുടെ വിദ്യാരാഹിത്യവും അയോഗ്യതയും മറികടക്കുന്ന ധൈര്യം അവരുടെ ശുശ്രൂഷയിൽ പ്രകടമായിരുന്നു (വ. 13). ഇതു കണ്ടതായ സെന്ഹെദ്രിമിലെ വിദ്യാസമ്പന്നരായ അംഗങ്ങൾ അത്ഭുതസ്തംബ്ധരായി. 'അധികാരത്തോടെയുള്ള സംസാരം' അലങ്കാരമാക്കിയ അരുമനാഥന്റെ (മർക്കൊ. 1:22, യോഹ. 7:15) അനുയായികളുടെ ധൈര്യം വിരോധികളെയും വിമർശകരെയും ഞെട്ടിച്ചു.

അപ്പൊസ്തലന്മാരുടെ ധൈര്യം അവരുടെ പ്രവർത്തനങ്ങളിൽ എല്ലാം കാലത്തും ദൃശ്യമായിരുന്നു (അപ്പൊ. 13:46, 2:36, 26:26).

"ആകയാൽ നിങ്ങൾ ക്രൂശിച്ച ഈ യേശുവിനെ തന്നെ ദൈവം കർത്താവും ക്രിസ്തുവുമാക്കിവെച്ചു എന്ന് യിസ്രായേൽ ഗൃഹം ഒക്കെയും നിശ്ചയമായി അറിഞ്ഞു കൊള്ളട്ടെ" എന്നതും (2:36), "ദൈവത്തെക്കാൾ അധികം നിങ്ങളെ അനുസരിക്കുന്നത് ദൈവത്തിന്റെ മുമ്പാകെ ന്യായമോ എന്ന് വിധിക്കുവിൻ. ഞങ്ങൾക്കോ ഞങ്ങൾ കണ്ടും കേട്ടുമിരിക്കുന്നത് പ്രസ്ഥാവിക്കാതിരിക്കുവാൻ കഴിയുന്നതല്ല" എന്ന പത്രോസിന്റെ വാക്കുകളും (4:19 ,20), "നീ മാത്രമല്ല ഇന്ന് എന്റെ പ്രസംഗം കേൾക്കുന്നവർ എല്ലാവരും അല്പം കൊണ്ടാകട്ടെ അധികം കൊണ്ടാകട്ടെ ഈ ചങ്ങല ഒഴികെ എന്നെപ്പോലെ ആകണം എന്ന് ഞാൻ ദൈവത്തോട് അപേക്ഷിക്കുന്നു" എന്ന അഗ്രിപ്പാവിനോടുള്ള പൗലോസിന്റെ വാക്കുകളും (26:29), ഇതിന് ചില ഉദാഹരണങ്ങൾ അത്രേ.


ദാവീദ് രാജാവിന്റെ പാപം ചൂണ്ടിക്കാണിച്ച നാഥനും (2 ശമു.12:7), ഹെരോദാവിന്റെ പാപം ചൂണ്ടിക്കാണിച്ച യോഹന്നാൻ സ്നാപകനും (മത്താ. 14:3), "ഭയവും ഭീരുത്വവുമുണ്ടെങ്കിൽ ഗിലെയാദ് പർവ്വതത്തിൽ നിന്ന് മടങ്ങിപ്പൊയ്ക്കൊള്ളട്ടെ" എന്ന് കല്പിച്ച ഗിദെയോനും (ന്യായ. 7:3), ആഹാബിനോട് ന്യായവിധിയുടെ കടുത്ത സന്ദേശം അറിയിച്ച ഏലിയാവും (1 രാജാ. 17:1) എന്നെപ്പോലെയുള്ള ഒരാൾ ഓടി പോകുമോ? എന്നു ചോദിച്ച നെഹെമ്യാവും (നെഹ. 6:11), ധൈര്യത്തോടെ ഉത്തരവാദിത്വം നിർവഹിച്ചവരത്രേ.

ആത്മാക്കളെ അരുമനാഥനിലേക്ക് ആനയിക്കുവാൻ അദ്ധ്വാനിക്കുന്നവർ ഭീരുത്വത്തിന്റെ ആത്മാവിനാലല്ല ശക്തിയുടെ ആത്മാവിനാലത്രേ നിയന്ത്രിക്കപ്പെടേണ്ടത് (2 തിമൊ. 1:7). അതുകൊണ്ട് ധൈര്യത്തോടെ 'എഴുന്നേറ്റ് പ്രകാശിക്കുക' (യെശ. 60:1), 'എഴുന്നേറ്റ് പണിയുക' (നെഹ. 2:18), പുരുഷത്വം കാണിക്കുക.

## കുഞ്ഞാടിനൊരു നാടൻ പാട്ട്



വിബിൻ പുനവക്കുന്ന്



കൈതൊഴുന്നു കുഞ്ഞാടേ
കരളലിയണെ കുഞ്ഞാടേ
കുമ്പിടുന്നു കുഞ്ഞാടേ
കുരിശിൽ തൂങ്ങിയ കുഞ്ഞാടേ
വണങ്ങിടുന്നു കുഞ്ഞാടേ
നിണം വിയർത്തൊരു കുഞ്ഞാടേ
മരണം മാറ്റിയ കുഞ്ഞാടേ
മരത്തിൽ തൂങ്ങിയ കുഞ്ഞാടേ
ദയ തോന്നണെ കുഞ്ഞാടേ
ദൈവത്തിൻ പ്രിയ കുഞ്ഞാടേ (2)

ആദമാദിമ താതനും
ഹവ്വയാദി മാതാവും
പാപം ചെയ്തു പുറത്തായി
പാവമേദനിൽനിന്നും
നാണം തോന്നിയൊളിച്ചല്ലോ
നഗ്നരെന്നുമറിഞ്ഞല്ലോ
തുന്നിയത്തിയിലകൊണ്ട്
തുണിയണിഞ്ഞുനടന്നല്ലോ
അറുത്തു ദൈവം കുഞ്ഞാടെ
അരുമയായുള്ള കുഞ്ഞാടെ
അണിയിച്ചു അവനിരുവർക്കും
അരയാടയതിന്തോലാലെ

അനുഗ്രഹിക്കണേ കുഞ്ഞാടേ
അറുക്കപ്പെട്ടൊരു കുഞ്ഞാടേ

മകനെ മന്നവനറുക്കുവാൻ
മലകയറിയന്നബ്രഹാം
വിറകെടുത്തു വിറച്ചവൻ
വിളക്കെടുത്തു കത്തിയും
വെട്ടുവാൻ ഭാവിച്ചപ്പോൾ
വിളിച്ചു രക്ഷകനരുതരുതേ
വെട്ടിനുറുക്കരുതബ്രാമേ
നിന്റേയേകജാതനെ
എന്നരുമക്കുഞ്ഞാടെ
യാഗമായർപ്പിക്കുക
കുമ്പിടുന്നു കുഞ്ഞാടേ
കൊമ്പുകുരുങ്ങിയ കുഞ്ഞാടേ

പാപം ചുമക്കുന്നു കുഞ്ഞാട്
രക്തം വിയർക്കുന്നു കുഞ്ഞാട്
ചാട്ടവാറേൾക്കണ് കുഞ്ഞാട്
ചോരച്ചാലൊലിക്കണ് കുഞ്ഞാട്
മുൾമുടി ചൂടണ് കുഞ്ഞാട്
ക്രൂശുചുമക്കണ് കുഞ്ഞാട്

മലകേറണ് കുഞ്ഞാട്
കുരിശിൽ തൂങ്ങണ് കുഞ്ഞാട്
ചാഞ്ഞുമരിക്കണ് കുഞ്ഞാട്
കുന്തമേൾക്കണ് കുഞ്ഞാട്
അടക്കപ്പെട്ടൊരു കുഞ്ഞാട്
ഉയർത്തെണീറ്റൊരു കുഞ്ഞാട്
നാകം പൂകിയ കുഞ്ഞാട്

ഏഴുകൊമ്പുള്ള കുഞ്ഞാട്
ഏഴുകണ്ണുള്ള കുഞ്ഞാട്
അറുക്കപ്പെട്ട പോൽകുഞ്ഞാട്
ജീവന്റെ പുസ്തകം തുറക്കുവാൻ
ജയം പ്രാപിച്ചൊരു കുഞ്ഞാട്
യോഗ്യനൈചവത്തിന് കുഞ്ഞാട്
ചെമ്മരിയാടും കോലാടും
വേർതിരിക്കണ് കുഞ്ഞാട്
വേഗത്തിലോടുന്ന വചനമായ്
വേഗം വരേണമേ കുഞ്ഞാടേ
നമസ്കരിക്കുന്നു കുഞ്ഞാടേ
നാഗതലതകർത്തൊരു കുഞ്ഞാടേ
ആരാധിക്കുന്നു കുഞ്ഞാടേ
അനുഗ്രഹിക്കണേ കുഞ്ഞാടേ



കൺവൻഷൻ പാസ്റ്റർ ബഞ്ചമിൻ വർഗീസ് ഉദ്ഘാടനം ചെയ്യുന്നു.

# സെന്റർ കൺവൻഷൻ സമാപിച്ചു

അടൂർ: ഐ.പി.സി. വെസ്റ്റ് സെന്റർ കൺവൻഷൻ സമാപിച്ചു. കടമ്പനാട് കല്ലുകുഴി ഐ.പി.സി. ഹെബ്രോൻ ഗ്രൗണ്ടിൽ 2017 ഫെബ്രുവരി 1 ബുധനാഴ്ച സീനിയർ ജനറൽ മിനിസ്റ്റർ പാസ്റ്റർ ബഞ്ചമിൻ വർഗ്ഗീസ് ഉദ്ഘാടനം ചെയ്തു. പാസ്റ്റർമാരായ ഷാജു സി. ജോസഫ്, എബി എബ്രഹാം, സണ്ണി കുര്യൻ, ഫിലിപ്പ് പി. തോമസ് എന്നിവർ പ്രസംഗിച്ചു. സെന്റർ ക്വയർ ഗാനശുശ്രൂഷ നടത്തി. സണ്ടേസ്കൂൾ, പി.വൈ.പി.എ. സോദരി സമാജം വാർഷികം നടന്നു. ഫെബ്രു. 5 ഞായറാഴ്ച നടന്ന സംയുക്ത സഭായോഗത്തിൽ പാസ്റ്റർ ബഞ്ചമിൻ വർഗ്ഗീസ് തിരുവത്താഴ ശുശ്രൂഷയ്ക്ക് നേതൃത്വം നൽകി. പാസ്റ്റർ ജോൺസൻ ഡാനിയേൽ സമാപന സന്ദേശം നൽകി. പാസ്റ്റർമാരായ തോമസ് ജോസഫ്, ജോസ് എ.സി., ബിജു കോശി, സാജൻ ഈശോ, മാർക്ക് എൻ. തങ്കച്ചൻ എന്നിവർ നേതൃത്വം നൽകി.

## റീജിയൻ കൺവൻഷൻ

പത്തനംതിട്ട: ശാരോൻ ഫെല്ലോഷിപ്പ് ചർച്ച് പുനലൂർപത്തനംതിട്ട റീജിയൻ കൺവൻഷൻ ജനുവരി 25-28 വരെ കോന്നി വകയാർ കൊല്ലൻപടി കൊണ്ടൂർ ഗ്രൗണ്ട് നടന്നു. പാസ്റ്റർ കെ.ജി. മാത്യു, പാസ്റ്റർ തോമസ് യോഹന്നാൻ, പാസ്റ്റർ വി.ജെ. തോമസ്, പാസ്റ്റർ സജു ചാത്തന്നൂർ, പാസ്റ്റർ റ്റി.ഡി. ബാബു, എറണാകുളം പാസ്റ്റർ കെ.ജെ. മാത്യു, പുനലൂർ പാസ്റ്റർ എബ്രഹാം ജോസഫ് തുടങ്ങിയവർ പ്രസംഗിച്ചു. ശാലേം വോയിസ് പത്തനായപുരം ഗാനങ്ങൾ ആലപിച്ചു.

## ഇന്ത്യക്കാരെ പുറത്താക്കുന്നു

(1-ാം പേജ് തുടർച്ച)

അധികാരം നിർദേശത്തിൽ പറയുന്നുണ്ട്. കുടിയേറ്റക്കാർ കുറ്റവാളികളായാൽ ഉടൻ പിടികൂടി പുറത്താക്കാനും ഉത്തരവ് നല്കിയിട്ടുണ്ട്. കുറ്റകൃത്യത്തിന്റെ സാധ്യത കണ്ടാൽപോലും അറസ്റ്റിനാണ് നിർദേശം. കുടിയേറ്റക്കാരെ പൊക്കാൻ മാത്രം 10,000 യുഎസ് ഇമിഗ്രേഷൻ ആന്റ് കസ്റ്റംസ് ഏജന്റുകളെയും 5000 കസ്റ്റംസ് ആന്റ് ബോർഡർ പ്രൊട്ടക്ഷൻ ഏജന്റുകളെയും നിയോഗിക്കാൻ നിർദ്ദേശമുണ്ട്. പ്രസിഡന്റിന്റെ പുതിയ കുടിയേറ്റനയം രാജ്യത്തുടനീളമുള്ള ലോഎൻഫോഴ്സ്മെന്റ് ഉദ്യോഗസ്ഥർ സ്വാഗതം ചെയ്തിട്ടുണ്ട്.


മാതാപിതാക്കൾ അനധികൃതമായി അമേരിക്കയിലേക്ക് കൊണ്ടുവന്ന 750,000 കുടിയേറ്റക്കാരെ സംരക്ഷിക്കുന്ന ഔദ്യോഗികനിർദേശം 2012ൽ ഒബാമ ഭരണകൂടം പുറത്തുവിട്ടിരുന്നു. അമേരിക്കയിൽ ഇന്ത്യാക്കാർ ഉൾപ്പെടെ ഏകദേശം 11 ദശലക്ഷം അനധികൃത കുടിയേറ്റക്കാർ ഉണ്ടെന്നാണ് ട്രംപിന്റെ വിലയിരുത്തൽ. മെക്സിക്കോ ഉൾപ്പെടെയുള്ള അയൽരാജ്യങ്ങളിൽ നിന്നും കുടിയേറിയ ഇവരാണ് അമേരിക്കയിൽ കുറ്റകൃത്യങ്ങൾ ചെയ്യുന്നവരിൽ ഭൂരിഭാഗമെന്നും മെക്സിക്കോടയിൽ നിന്നുള്ള തീവ്രവാദികളുടെ നുഴഞ്ഞുകയറ്റം തടയുന്നതിനായി അതിർത്തിയിൽ മതിൽ പണിയുമെന്നും പറഞ്ഞിരുന്നു.


പ്രഭാഷണവേദിയിൽ 50 വർഷം പൂർത്തിയാക്കിയ പാസ്റ്റർ കെ.സി. ജോണിനെ നെടുമ്പ്രം പൗരാവലിയും ഐപിസി ഗോസ്പൽ സെന്ററും ചേർന്ന് അനുമോദിച്ച സമ്മേളനത്തിൽ പാസ്റ്റർ കെ.സി.ജോൺ പ്രസംഗിക്കുന്നു. ആർ സനൽകുമാർ, സതീഷ് ചാത്തങ്കരി, അരുന്ധതി അശോക്, കെ.ആർ പ്രതാപ ചന്ദ്രവർമ്മ, സാം ഈപ്പൻ, റേച്ചൽ ബേബി എന്നിവർ സമീപം

# പാസ്റ്റർ കെ.സി. ജോണിന്റെ പ്രസംഗ സുവർണ്ണ ജൂബിലി

നെടുമ്പ്രം : പ്രഭാഷണവേദിയിൽ 50 വർഷം പൂർത്തിയാക്കിയ പ്രസിദ്ധ പ്രഭാഷകനും ഇന്ത്യ പെന്തക്കോസ്ത് ദൈവസഭയുടെ ജനറൽ സെക്രട്ടറിയുമായ പാസ്റ്റർ ഡോ.കെ.സി.ജോണിനെ നെടുമ്പ്രം പൗരാവലിയും ഐപിസി ഗോസ്പൽ സെന്റർ സഭയും ചേർന്ന് അനുമോദിച്ചു.

പ്രഭാഷണകൃപയുടെ സുവർണ്ണജ്വാല എന്ന പ്രത്യേക പരിപാടിയിൽ പാസ്റ്റർ ഏബ്രഹാം ചെറിയാൻ അധ്യക്ഷത വഹിച്ചു. ജില്ലാപഞ്ചായത്ത് അംഗം സാം ഈപ്പൻ, വിവിധ രാഷ്ട്രീയ-സാമൂഹിക പ്രവർത്തകരായ ആർ. സനൽകുമാർ, സതീഷ് ചാത്തങ്കേരി, കെ.ആർ പ്രതാപചന്ദ്രവർമ്മ, അരുന്ധതി അശോക്, റേച്ചൽ ബേബി, റിൻസൺ തോമസ്, ജോജി ഐപ്പ് മാത്യൂസ്, സുധി ഏബ്രഹാം, പാസ്റ്റർ സി.പി. മോനായി എന്നിവർ പ്രസംഗിച്ചു. പാസ്റ്റർ ഡോ. കെ.സി. ജോൺ മറുപടി പ്രസംഗം നടത്തി.


റവ. ഡോ. ജോൺസൺ ഡാനിയേൽ ബിരുദം നൽകുന്നു.

# ബിരുദദാനം

ന്യൂ ലൈഫ് ബിബ്ലിക്കൽ സെമിനാരി ബിരുദദാനം ഡിസംബർ 24നു ന്യൂ ലൈഫ് ബിബ്ലിക്കൽ സെമിനാരിയുടെ ആഡിറ്റോറിയത്തിൽ നടന്നു. സഭാനേതാക്കൾ, വിശ്വാസികൾ, സാമൂഹികപ്രവർത്തകർ തുടങ്ങി ആയിരങ്ങളെ സാക്ഷി നിർത്തി സെമിനാരിയുടെ സ്ഥാപക പ്രസിഡന്റ് റവ. ഡോ. ജോൺസൺ ഡാനിയേൽ ബിരുദം നൽകി. എ.ജി. മലബാർ ഡിസ്ട്രിക്റ്റ് സൂപ്രണ്ട് വി.റ്റി. എബ്രഹാം മുഖ്യ അതിഥി ആയിരുന്നു. വേദപാണ്ഡിത്യവും, അനുഭവ സമ്പത്തുമുള്ള അധ്യാപകരുടെ നേതൃത്വത്തിൽ ഇന്ത്യയുടെ വിവിധ സംസ്ഥാനങ്ങളിൽ നിന്നും 150-ൽ പരം വിദ്യാർത്ഥികൾ ഇവിടെ പഠനം നടത്തുന്നു. ഡോ. രാജീവ് എം. തോമസ് പ്രിൻസിപ്പാളായും, റവ. ക്രിസ്റ്റഫർ സി. തമ്പി അക്കാഡമിക് ഡീനായും, റവ. സ്റ്റാൻലി ജോസ് രജിസ്ട്രാറായും ചുമതല വഹിക്കുന്നു. ഈ വർഷം 53 വിദ്യാർത്ഥികളാണ് പ്രേക്ഷിത ദൗത്യം എന്ന മഹാനിയോഗം ശിരസ്സാവഹിച്ചുകൊണ്ട് സുവിശേഷ വയലുകളിലേക്ക് പുറത്തിറങ്ങിയത്. ഗ്രാഡുവേഷനോടനുബന്ധിച്ച് നടന്ന സാംസ്കാരിക സമ്മേളനത്തിൽ അർബുദ രോഗികൾക്കുള്ള ചികിത്സാ സഹായ വിതരണം പഞ്ചായത്ത് പ്രസിഡന്റ് കുമാരി എസ്.ചിത്രയും 200 കോളേജ്- സ്കൂൾ വിദ്യാർത്ഥികൾക്കുള്ള സഹായവിതരണം ചടയമംഗലം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് അഡ്വ. സാം കെ. ഡാനിയേലും തൊഴിൽരഹിതർക്ക് നൽകുന്ന തയ്യൽ മെഷീൻ വിതരണം മുൻ പഞ്ചായത്ത് പ്രസിഡന്റ് ശ്രീ. വാളിയോട് ജേക്കബും നിർവ്വഹിച്ചു.

# ഭാരതപ്പുഴ കൺവൻഷൻ

ഒറ്റപ്പാലം: പ്രസിദ്ധമായ ഭാരതപ്പുഴ കൺവെൻഷൻ ഫെബ്രുവരി 23 വ്യാഴം മുതൽ 26 ഞായർ വരെ ഒറ്റപ്പാലം ഭാരതപ്പുഴ മണൽപ്പുറത്ത് നടന്നു. പാസ്റ്റർമാരായ ടി.ജെ. സാമുവേൽ, വറുഗീസ് എബ്രഹാം, തോമസ് മാമൻ, ബാബു ചെറിയാൻ എന്നിവർ പ്രസംഗിച്ചു. ശാലേം വോയ്സ് ഗാനശുശ്രൂഷയ്ക്ക് നേതൃത്വം നൽകി. സ്റ്റീഫൻ ദേവസി, ബ്ലസൻ മേമന എന്നിവർ ഗസ്റ്റ് സിങേഴ്സായി ഗാനങ്ങൾ ആലപിച്ചു. ഫെബ്രുവരി 24 വെള്ളിയാഴ്ച ഉപവാസപ്രാർത്ഥനയും 26 ഞായറാഴ്ച ഉച്ചയ്ക്കുശേഷം യുവജനസമ്മേളനവും നടന്നു. തെക്കേമലബാറിലെ എറ്റവും വലിയ ആത്മീയസംഗമമായ ഭാരതപ്പുഴ കൺവെൻഷൻ ഈ വർഷവും കടന്നുവന്ന ദൈവജനത്തിനു ആത്മീയോദ്ധാരണത്തിനു വഴിയൊരുക്കി. സെക്രട്ടറി പി.കെ. ദേവസിയും കൺവൻഷൻ കോർഡിനേറ്റർ സജി മത്തായി കാതേട്ടും പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി.

SHARON FELLOWSHIP CHURCH OF ALBANY

Sharon Fellowship Church Albany

Come and Experience God's Presence

**Sunday**
Sunday School & Adult Bible Study
(9:00 am to 10: 00 am)
Worship Service 10:00 am to 12:30 pm

**Every 3rd Sunday**
Youth Worship Service 10:00 am to 11:30 am
CEM/Youth Meeting 11:30 am to 12:30 pm

**Wednesday**
Men's Meeting 7:30 pm to 9:00 pm
Ladies Meeting 10: 00 am to 12:30 pm

**Friday**
Cottage Meeting : 7:00 pm to 9:00 pm

**Fasting Prayer**
4th Friday, Saturday & Sunday

**For Prayer and Fellowship**
Pastor Santhosh Tharian
2 Sarah Ct, Albany
New York - 12205
(518) 621- 6894 (Office)
(201) 920- 7643 (Cell)
santhoshtharian@yahoo.com

FOR WE WALK BY FAITH NOT BY SIGHT 2 CORINTRIANS 5:7

For More Information
SABU PHILIP (Secretary) (518) 618 - 1264
JIMS JOHN MEDAMANA (Treasurer) (518) 618 - 0702
sfcalbany@gmail.com

1781 Western Ave,
Albany, New York, 12203
United States of America

www.albanysharonchurch.org

## എക്സൽ വി.ബി.എസ് 2017

തിരുവല്ല: ഇന്ത്യയിലെ കുഞ്ഞുങ്ങളുടെ ഇടയിലെ പ്രമുഖ ക്രിസ്തീയ പ്രവർത്തനമായ എക്സൽ വി.ബി.എസ് 2017 ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിൽ ഈ അവധിക്കാലങ്ങളിൽ നടക്കും. കഴിഞ്ഞ വർഷങ്ങളിൽ ആവേശപൂർവ്വമാണ് എക്സൽ വി.ബി.എസ് കുഞ്ഞുങ്ങൾ വരവേറ്റത്.

2017 ലെ വി.ബി.എസിന്റെ ചിന്താവിഷയം 'കുഞ്ഞുങ്ങൾക്കുള്ള അഞ്ച് സമ്മാനങ്ങൾ' എന്നതാണ്. ഈ തീമിനെ ആസ്പദമാക്കി പാട്ടുകൾ, ഗെയിമുകൾ, ധ്യാനചിന്തകൾ, കഥകൾ, ആക്ടിവിറ്റികൾ എന്നിവ തയ്യാറായി വരുന്നു. വ്യത്യസ്തമായ ഉള്ളടക്കവും കുഞ്ഞുങ്ങളുടെ ആത്മീയ ജീവിതത്തിന്റെ പടിപടിയായുള്ള വളർച്ചയ്ക്കും വ്യക്തി വികസനത്തിനും ഉതകുന്ന പാഠ്യ പദ്ധതിയാണ് ഈ വർഷത്തെ പ്രത്യേകത.

കേരളം, കർണ്ണാടക,തമിഴ്നാട്, വടക്കേന്ത്യൻ സംസ്ഥാനങ്ങളായ മഹാരാഷ്ട്ര, ഗുജറാത്ത്,രാജസ്ഥാൻ, ഉത്തർപ്രദേശ്,ബീഹാർ,ഒറീസ കൂടാതെ വിദേശരാജ്യങ്ങളായ നേപ്പാൾ,ദോഹ,ഷാർജ,ദുബായ്,അബുദാബി,കുവൈറ്റ്, ഇംഗ്ലണ്ട്, ഓസ്ട്രേലിയ, കാനഡ എന്നിവിടങ്ങളിലും വി.ബി.എസ് നടക്കും.

കേരളത്തിൽ കാസർഗോഡു മുതൽ പാറശാല വരെ ജില്ലകൾ കേന്ദ്രീകരിച്ചു വി.ബി.എസ് പരിശീലന കളരികളും വിവിധ സഭകൾ കേന്ദ്രീകരിച്ച് വി.ബി.എസ് ക്യാപ്സൂൾ ട്രെയിനിങ്ങുകളും നടക്കും 5000 ത്തിൽ അധികം പേർ ഈ പരിശീലനങ്ങളിൽ പങ്കാളികളാകും. സണ്ടേസ്കൂൾ അധ്യാപകർ, ബാലസുവിശേഷകർ, യുവജന പ്രവർത്തകർ, വേദവിദ്യാർത്ഥികൾ, പാസ്റ്റേഴ്സ് മറ്റ് തല്പരരായ വ്യക്തികൾക്കും ഈ പരിശീലങ്ങളിൽ പങ്കെടുക്കാം.

എക്സൽ വി.ബി.എസിന്റെ 2017 ലെ പ്രവർത്തനങ്ങളിൽ പൂർണ്ണമായോ, ഭാഗികമായോ പ്രവർത്തിക്കുവാൻ താത്പര്യമുള്ളവരോ പരിശീലന ടീമുകളിൽ പ്രവർത്തിക്കുവാൻ താല്പര്യമുള്ളവരും ഞങ്ങളുമായി ബന്ധപ്പെടുക. ഫോൺ: 9495834994, 9496325026

## സെന്റർ കൺവൻഷൻ

പത്തനംതിട്ട: ശാരോൻ ഫെല്ലോഷിപ്പ് ചർച്ച് പത്തനംതിട്ട സെന്റർ കൺവൻഷൻ ഫെബ്രുവരി 912 വരെ സീതത്തോട് പഞ്ചായത്തു ഗ്രൗണ്ടിൽ നടന്നു. സെന്റർ മിനിസ്റ്റർ പാസ്റ്റർ വി.ജെ. തോമസ് ഉദ്ഘാടനം ചെയ്തു. പാസ്റ്റർമാരായ സജു ചാത്തന്നൂർ, റെജി മാത്യു, സാജൻ ജോയ്, കെ.ജി. മാത്യു. തോമസ് യോഹന്നാൻ, സുവി. പി.സി. തോമസ് തുടങ്ങിയവർ പ്രസംഗിച്ചു.. ശാരോൻ സിംഗേഴ്സ് ഗാനങ്ങൾ ആലപിച്ചു.




THUSHARA
Tiles & Granites
Near old Fire Station, Arumurikkada, Kundra

Spaniso, Vrundavan, Nenno, Johnson, Somany, Kajaria, Marbonite, Nitco, Asain, City, Sonora, Marbito തുടങ്ങിയ കമ്പനികളുടെ authorised dealer.

വെർട്ടിഫൈഡ് ടൈലുകളുടെ വൻശേഖരം

ഹോൾസെയിൽ വിലയ്ക്കു ലഭിക്കുന്ന
ഒരു വിശ്വസ്ത സ്ഥാപനം

Phone Shope: 0474-2580191, 9249121338
O.P. Xavier 9562972336, Nishandh 9846832956,
Anikkuttan 9847684821



VISITING VISA

സൗദി അറേബ്യ, ഖത്തർ, ദുബായ്, കുവൈറ്റ്, മസ്ക്കറ്റ്, ബഹറൈൻ, സിംഗപ്പൂർ, മലേഷ്യ, ബ്രൂണ തുടങ്ങിയ രാജ്യങ്ങൾ സന്ദർശിക്കുന്നതിനും, തൊഴിൽ അന്വേഷിക്കുന്നതിനും വിസിറ്റിംഗ് വിസകൾക്ക് സമീപിക്കുക.

GLOBAL CARE
Travell Services, IInd Floor,
17/1246 C2, Pathoor Tower
Puthiyara Road, Stadium Jn., Calicut-4
Email: globalcalicut@gmail.com
globalcareccj@gmail.com
Ph: 0495-2720881, 3259706, 9447040281




## ഒന്നാം റാങ്ക് നേടി

**കരിയംപ്ലാവ്:** എം.ജി യൂണിവേഴ്സിറ്റി M.Sc ഫിസിക്സ് ഒന്നാം റാങ്ക് ഡബ്ല്യു. എം. ഇ. വിശ്വാസി സുബി മാത്യു കരസ്ഥമാക്കി. ഡബ്ല്യു.എം. ഇ എഴുമറ്റൂർ സെന്ററിൽ അറഞ്ഞിക്കൽ ലോക്കൽ സഭാംഗങ്ങളായ കുരങ്ങുംപൊയ്കയിൽ മാത്യു-തങ്കമ്മ ദമ്പതികളുടെ രണ്ടാമത്തെ മകളാണ് റാന്നി സെന്റ് തോമസ്സ് കോളേജ് വിദ്യാർത്ഥിനിയായ സുബി മാത്യു. ഡബ്ല്യു.എം. ഇ സഭകൾക്കും പെന്തെക്കോസ്ത് സമൂഹത്തിനും അഭിനന്ദനാർഹമായ നേട്ടമാണ് യൂണിവേഴ്സിറ്റി തലത്തിൽ പോസ്റ്റ് ഗ്രാജുവേഷന് ഒന്നാം റാങ്ക് നേടിയതിലൂടെ സുബി മാത്യു കൈവരിച്ചിരിക്കുന്നതെന്ന് ഡബ്ല്യു.എം. ഇ ജനറൽ പ്രസിഡന്റ് റവ.ഒ.എം. രാജുക്കുട്ടി അനുമോദന സന്ദേശത്തിൽ പ്രസ്താവിച്ചു. പത്തനംതിട്ട ജില്ലയ്ക്കും റാന്നി കോളേജിനും ലഭിച്ച വലിയ അംഗീകാരമാണ് സുബിയുടെ തിളക്കമാർന്ന വിജയമെന്ന് സെന്റ് തോമസ്സ് കോളേജ് ഫിസിക്സ് ഡിപ്പാർട്ട്മെന്റ് അസിസ്റ്റന്റ് പ്രഫസറും ഡബ്ല്യു. എം. ഇ. സണ്ടേസ്കൂൾ മിനിസ്ട്രി ഡയറക്ടറുമായ പ്രഫ. ഡോ. എം. കെ. സുരേഷ് പ്രസ്താവിച്ചു. ഡബ്ല്യു. എം. ഇ. സണ്ടേസ്കൂൾ-യൂത്ത് ഫെലോഷിപ്പ് പ്രവർത്തനങ്ങളിൽ സജീവ പങ്കാളിയാണ് സുബി മാത്യു. മികച്ച വിജയം കൈവരിച്ച സുബി മാത്യുവിനെ ഡബ്ല്യു.എം.ഇ സണ്ടേസ്കൂൾ-യൂത്ത് മിനിസ്ട്രി ഭാരവാഹികളായ പ്രഫ. ഡോ. എം. കെ. സുരേഷ്, നിബു അലക്സാണ്ടർ, രാജൻ മാത്യു, സതീഷ് തങ്കച്ചൻ എന്നിവർ അനുമോദിച്ചു.

**താങ്കൾ വരിസംഖ്യ അടച്ചുവോ?**




ജോയ് നെടുങ്കുന്നം

## ഇവിടെ ഒരു ബാലകൻ ഉണ്ട്

വലിയ പുരുഷാരം തന്റെ അടുക്കൽ വരുന്നതു കണ്ടിട്ട് അവർക്കു ഭക്ഷണം കൊടുക്കുവാൻ യേശു ആഗ്രഹിച്ചു. ഈ വിഷയത്തിൽ രണ്ടു ശിഷ്യന്മാരുടെ പ്രതികരണങ്ങളാണ് ഈ ചെറുചിന്തയ്ക്ക് ആധാരം. ഫിലിപ്പോസ് 200 പണത്തിന്റെ കണക്ക് പറയുന്നു. "ഓരോരുത്തനു അല്പമല്പം ലഭിക്കേണ്ടതിനു 200 പണത്തിന്റെ അപ്പം മതിയാകയില്ല". തികയാത്ത ഒരു കണക്ക്! എന്നാൽ, എത്രയ്ക്കു വാങ്ങിയാൽ തികയുമെന്ന് പറയുന്നില്ല. "ഇരുനൂറിനു വാങ്ങിയാലും തികയില്ല". പണം എത്രകിട്ടിയാലും തികയാത്ത ഒരു സമൂഹത്തിന്റെ പ്രതിനിധിയാണദ്ദേഹം. ഫണ്ട്റെയ്സ് ചെയ്യാൻ തയാറായി നിൽക്കുന്നു! ജനത്തിന്റെ വിശപ്പകറ്റാൻ പണം പിരിക്കേണ്ടതിന്റെ ആവശ്യകതയെപ്പറ്റിയാണ് ഫിലിപ്പോസിന്റെ അഭിപ്രായം! നവീന ഫീലിപ്പോസുമാർ ആയിരുന്നെങ്കിൽ എപ്പോഴേ ഫുഡ്ക്കമ്മറ്റി ഉണ്ടാക്കിക്കഴിഞ്ഞേനേ!

ഓരോരുത്തനു "അല്പമല്പം" കൊടുക്കാനാണ് തന്റെ പ്ലാൻ (യോഹന്നാൻ 6:7). തികയാത്ത കണക്കും, തൃപ്തിയാകാത്ത ആഹാരവുമാണ് ഫിലിപ്പോസിന്റെ പദ്ധതി!

എന്നാൽ, അന്ത്രെയാസിന്റെ കാഴ്ചപ്പാടുകൾ തികച്ചും വ്യത്യസ്തമാണ്. "വലിയൊരു പുരുഷാരത്തിന്റെ" പോക്കറ്റിലായിരുന്നില്ല അവന്റെ ദൃഷ്ടി, മറിച്ച് അന്ത്രെയാസിന്റെ കണ്ണുകൾ ചെറിയ ചെറിയ സാധ്യതകൾ തേടുകയായിരുന്നു. ജനക്കൂട്ടത്തിന്റെ ഇടയിൽ ആരാലും ശ്രദ്ധിക്കപ്പെടാതിരുന്ന കൊച്ചുബാലകന്റെ കയ്യിലിരുന്ന കൊച്ചു പൊതിയായിരുന്നു സാധ്യതയായി കണ്ടത്. യേശുവിനു പ്രവർത്തിക്കാൻ ചെറിയ സാധ്യതകൾ മതിയെന്ന് തനിക്ക് നന്നായി അറിയാം! "അല്പമാം ഉപകരണം കൊണ്ട് കെല്പ്പെഴുന്ന മഹത്തായ വേലകൾ ചെയ്യുന്ന സൃഷ്ടികൾക്ക് ഉടയവനാണ്" യേശു എന്ന് അന്ത്രെയാസിനു നന്നായി അറിയാം.

മോശെയുടെ കയ്യിലിരുന്ന "ചെറിയ വടി" യിസ്രായേലിനെ മരുഭൂമിയിലൂടെ നടത്താൻ കഴിഞ്ഞെങ്കിൽ, ചെങ്കടലിൽ പാതയൊരുക്കാൻ കഴിഞ്ഞെങ്കിൽ, തീക്കൽപ്പാറയിൽ നിന്നും ജലം പുറപ്പെടുവിക്കാൻ കഴിഞ്ഞെങ്കിൽ, മന്ത്രവാദിയുടെ വടിയെ വിഴുങ്ങാൻ കഴിഞ്ഞെങ്കിൽ... ചെറിയ ബാലകന്റെ കയ്യിലെ അഞ്ച് അപ്പവും രണ്ടു മീനും മതി ഈ ജനത്തിന്റെ വിശപ്പടക്കാനെന്ന് അന്ത്രെയാസിനു മനസ്സിലാക്കാൻ കഴിഞ്ഞു.

ചെറിയ സാധ്യതകൾ യേശുവിന്റെ കയ്യിലെത്തിയപ്പോൾ "വേണ്ടിടത്തോളം" ജനങ്ങൾക്ക് കൊടുക്കാൻ കഴിഞ്ഞു. ജനങ്ങൾ ഭക്ഷിച്ച് "തൃപ്തരായി". "ശേഷിച്ച കഷ്ണം" പെറുക്കിയെടുത്ത് അധികം വെയ്ക്കാൻ ഇടയായി.

ചെറിയ സാധ്യതകൾ യേശുവിന്റെ അടുത്തെത്തിയാൽ അത് മഹാസംഭവമാക്കാൻ അവനു കഴിയും. പണം കൊണ്ട് ഫിലിപ്പോസിനു നേടാൻ കഴിയാത്തത് ഒരു കൊച്ചു ബാലകനെക്കൊണ്ട് അന്ത്രെയാസ് നേടിയെടുത്തു. നമ്മുടെ കാഴ്ചപ്പാടുകൾക്ക് സമൂലമായ ഒരു മാറ്റം അനിവാര്യമായിരിക്കുന്നു.




പെന്തെക്കോസ്തൽ യൂത്ത് കൗൺസിൽ സംസ്ഥാനതല ഉദ്ഘാടനം പിസിഐ ദേശീയ പ്രസിഡന്റ് ബ്രദർ കെ. എബ്രഹാം നിർവഹിക്കുന്നു.

## പെന്തെക്കോസ്തൽ യൂത്ത് കൗൺസിൽ (പിവൈസി) നിലവിൽ വന്നു

തിരുവല്ല: പെന്തെക്കോസ്തൽ കൗൺസിൽ ഓഫ് ഇന്ത്യയുടെ യുവജന വിഭാഗമായ പെന്തെക്കോസ്തൽ യൂത്ത് കൗൺസിലിന്റെ സംസ്ഥാനതല ഉദ്ഘാടനം ഫെബ്രുവരി 14 നു തിരുവല്ല YMCA ഹാളിൽ വച്ച് നടന്നു. പി സി ഐ ദേശീയ വൈസ് പ്രസിഡന്റ് പാസ്റ്റർ ജെ ജോസെഫിന്റെ അധ്യക്ഷതയിൽ പി.ജി. ജോർജ് പ്രാരംഭ പ്രാർത്ഥന നടത്തി.

നാഷണൽ സെക്രട്ടറി പാസ്റ്റർ ജോസ് അതുല്യ സ്വാഗതം ആശംസിച്ചു. നാഷണൽ പ്രസിഡന്റ് ബ്രദർ കെ. എബ്രഹാം ഉദ്ഘാടനം ചെയ്തു. നാഷണൽ ജനറൽ സെക്രട്ടറി ബ്രദർ ഗ്ലാഡ്സൺ ജേക്കബ് സംസ്ഥാന ഭാരവാഹികളെ പ്രഖ്യാപിച്ചു. ഐ പി സി സ്റ്റേറ്റ് വൈസ് പ്രസിഡന്റ് പാസ്റ്റർ രാജു പൂവക്കാല തെരഞ്ഞെടുത്ത ഭാരവാഹികൾക്കുവേണ്ടി അനുഗ്രഹ പ്രാർത്ഥന നടത്തി.

ആന്റോ ആന്റണി എം പി, രാജു എബ്രഹാം എം എൽഎ, അഡ്വ. സനൽ കുമാർ, പാസ്റ്റർമാരായ കെ.സി. സണ്ണിക്കുട്ടി, പ്രിൻസ് തോമസ്, ഫിലിപ്പ് എബ്രഹാം, അജു അലക്സ്, ജെയിസ് പാണ്ടനാട്, എ.പി. അഭിലാഷ്, റോയ്സൺ ജോണി, നിക്സൺ മുട്ടാർ തുടങ്ങിയവർ ആശംസകൾ അറിയിച്ചു. പാസ്റ്റർ ജെയിസ് പാണ്ടനാട് ലോഗോ പ്രകാശനം ചെയ്തു.

ദേശീയ ജനറൽ ട്രഷറർ പാസ്റ്റർ ബേബി കടമ്പനാട് കൃതജ്ഞത അറിയിച്ചു. പാസ്റ്റർ സാജൻ സാമുവേൽ സമാപന പ്രർത്ഥന നടത്തി. ജോയൽ, എബി & ടീം ഗാനശുശ്രൂഷയ്ക്കു നേതൃത്വം നൽകി.

# CHRISTIAN WORLD

Address
Christian World, Alummoodu
P.O., Kollam - 691 577, Kerala
Email: christianworld2006@gmail.com
REG.NO:KERMAL/2006/17464

POSTAL REG. NO. KL/QN/341/2015-2017
POSTED ON 5TH OF EVERY MONTH
AT RMS KOLLAM

വില ₹ 10/- Vol: 12 Issue No: 3 2017 MARCH 1 Date of publication : first of Every Month വാർഷിക വരിസംഖ്യ 120 രൂപ


## പതിനാലാമതു എംപിഎ യുകെ നാഷണൽ കോൺഫറൻസ് ഏപ്രിൽ 14 – 16 വരെ മാഞ്ചെസ്റ്ററിൽ

മാഞ്ചെസ്റ്റർ: യുകെയിലുള്ള മലയാളി പെന്തെക്കോസ്ത് വിശ്വാസികളുടെ പതിനാലാമതു വാർഷിക സംഗമം മാഞ്ചെസ്റ്ററിലെ ജെയിൻ കമ്മ്യൂണിറ്റി ഓഡിറ്റോറിയത്തിൽ ഏപ്രിൽ 14നു ആരംഭിക്കും. രാജ്യത്തിന്റെ നാനാ ഭാഗങ്ങളിൽനിന്നും വിദേശങ്ങളിൽനിന്നുമായി മലയാളി വിശ്വാസികളും പ്രസംഗകരും എത്തിച്ചേരുന്ന ഈ സംഗമം യുകെയിലുള്ള എല്ലാ പെന്തെക്കോസ്തു വിശ്വാസികളുടെയും ഏറ്റവും വലിയ സംഗമമാണ്. എംപിഎ പ്രസിഡന്റ് പാസ്റ്റർ ടി. എസ്. മാത്യു കോൺഫറൻസ് ഉദ്ഘാടനം ചെയ്യും. പാസ്റ്റർ കെ.ജെ. തോമസ് മുഖ്യ പ്രസംഗകനായിരിക്കും.

ഈ കോൺഫറൻസിന്റെ മുഖ്യ ചിന്താവിഷയം 'വിശുദ്ധന്മാർക്കു ഒരിക്കലായിട്ടു ഭരമേല്പിച്ചിരിക്കുന്ന വിശ്വാസത്തിന്നുവേണ്ടി പോരാടേണ്ടതിന്നു എന്നതാണ്. ഏപ്രിൽ 14–16 വരെനടക്കുന്ന സമ്മേളനം പൊതു ആരാധനയോടുകൂടി സമാപിക്കും. എംപിഎ യൂകെയുടെ സംഗീതവിഭാഗത്തോടൊപ്പം സിസ്റ്റർ പേർസിസ് ജോൺ സംഗീത ശുശ്രൂഷ നടത്തും. ആത്മനിറവിലുള്ള ആരാധന, വചനധ്യാനം, കർതൃമേശ, യുവജനങ്ങളുടെ പരിപാടികൾ, കുട്ടികളുടെ പരിപാടികൾ, സഹോദരികൾക്ക് വേണ്ടിയുള്ള പരിപാടികൾ വിവിധ സെക്ഷനുകളിൽ ഉണ്ടായിരിക്കും.

പാസ്റ്റർ റ്റി.എസ്. മാത്യു, പാസ്റ്റർ സജി മാത്യു, പാസ്റ്റർ വിൽസൺ ഏബ്രഹാം, ഡോണി ഫിലിപ്പ്, ബ്രദർ മാമൻ ജോർജ്, പാസ്റ്റർ ടോമി കുര്യൻ, ബ്രദർ ഡേവിഡ് മാമൻ, പാസ്റ്റർ ബെൻ മാത്യു, ഡോണി തോമസ്, പാസ്റ്റർ സിസിൽ ചീരൻ, പാസ്റ്റർ ജോൺലി ഫിലിപ്പ്, സിസ്റ്റർ വത്സമ്മ തോമസ് എന്നിവർ നേതൃത്വം നൽകും.



ഗ്ലാഡ്സൺ ജെയ്ക്കബ് സമ്മേളനം ഉത്ഘാടനം ചെയ്യുന്നു.

## പിസിഐ വാർഷിക സമ്മേളനം സമാപിച്ചു

കുന്നംകുളം: പെന്തെക്കോസ്തൽ കൗൺസിൽ ഓഫ് ഇന്ത്യ കുന്നംകുളം ചാപ്റ്ററിന്റെ ആഭിമുഖ്യത്തിൽ ഫെബ്രുവരി 12ന് കുന്നംകുളം ലിവാ ടവറിൽ വാർഷിക സമ്മേളനവും നിയമബോധന സെമിനാറും നടന്നു. പ്രസിഡണ്ട് പാസ്റ്റർ എം. ജി. ഇമ്മാനുവേൽ അദ്ധ്യക്ഷത വഹിച്ചു. ജനറൽ സെക്രട്ടറി ഗ്ലാഡ്സൺ ജെയ്ക്കബ് സമ്മേളനം ഉത്ഘാടനം ചെയ്തു.

ക്രൈസ്തവചിന്ത ചീഫ് എഡിറ്റർ കെ.എൻ. റെസൽ ചാപ്റ്റർ അംഗങ്ങൾക്കുളള മെമ്പർഷിപ്പ് കാർഡ് വിതരണം ചെയ്തു. ഫസ്റ്റ് ക്ലാസ് ജുഡീഷ്യൽ മജിസ്ട്രേറ്റ് പി.ഇ. വർഗീസ് സെമിനാർ നയിച്ചു. ഡോ. സാജൻ സി. ജേക്കബ് ആമുഖ സന്ദേശം നൽക്കുകയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്ന് ലഭിക്കുന്ന വിവിധ സേവനങ്ങളെ കുറിച്ച് ക്ലാസെടുക്കുകയും ചെയ്തു.

ബ്രദർ ഷാജൻ മുട്ടത്ത് സ്വാഗതവും പാസ്റ്റർ അനിൽ തിമോത്തി നന്ദിയും പറഞ്ഞു. പാസ്റ്റർ ബെന്നി ജോസഫ്, അജീഷ് കെ മാത്യു, സി.ജെ. അബ്രഹാം തുടങ്ങിയവർ നേതൃത്വം നൽകി.

## ചർച്ച് ഓഫ് ഗോഡ് കേരളാ സ്റ്റേറ്റ് ജനറൽ കൺവൻഷന് അനുഗ്രഹ സമാപ്തി

തിരുവല്ല: നാം ദൈവത്തോടും സമൂഹത്തോടും സഹജീവികളോടും നന്ദിയുള്ളവരിക്കണമെന്നും ദൈവം നമ്മെ ഭരമേല്പിച്ച ദൗത്യ നിർവ്വഹണം നാം അതിവസിക്കുന്ന രാജ്യത്തിന്റെ നന്മയ്ക്കും ശുഭതയ്ക്കും വേണ്ടി ശാരീരികവും മാനസീകവും ആത്മീകവുമായി ആരോഗ്യദൃഢഗാത്രരായ ഒരു സംഘം ജനതയെ വാർത്തെടുക്കുന്നതിനും ഉതകണമെന്നും, ദൈവം നമുക്ക് നൽകി തരുന്ന ശുഭതകളെ വിമർശനാത്മക മനോഭാവത്തോടെയല്ല ക്രീയാത്മകമായ മനോഭാവത്തോടെ സ്വീകരിച്ച് അതിന് നന്ദിയുള്ളവരായി തീരണമെന്നും റവ സി.സി. തോമസ് ഉദ്ബോധിപ്പിച്ചു. ചർച്ച് ഓഫ് ഗോഡ് സഭയുടെ 94-ാമത് ജനറൽ കൺവൻഷന്റെ സമാപനയോഗത്തിൽ മുഖ്യസന്ദേശം നൽകുകയായിരുന്നു അദ്ദേഹം.

23 തിങ്കളാഴ്ച മുതൽ അസിസ്റ്റന്റ് പാസ്റ്റർ പി.ജി. മാത്യൂസിന്റെ അദ്ധ്യക്ഷതയിൽ ആരംഭിച്ച യോഗത്തിൽ സ്റ്റേറ്റ് ഓവർസീയർ പാസ്റ്റർ സി.സി. തോമസ് ഉദ്ഘാടനം ചെയ്ത ജനറൽ കൺവൻഷൻ 29-ാം തീയതി ഞായറാഴ്ച സംയുക്ത സഭായോഗത്തോടും വിശുദ്ധ തിരുവത്താഴ ശുശ്രൂഷയോടും കൂടെ സമാപിച്ചു. തിരുവത്താഴ ശുശ്രൂഷയ്ക്ക് പാസ്റ്റർ എം.ഒ. ഏലിയാസ് നേതൃത്വം നല്കി. പാസ്റ്റർമാരായ ജെ. ജോസഫ്, എം. കുഞ്ഞപ്പി, ജോർജ് മാത്യു പുതുപ്പള്ളി, ഈപ്പൻ ചെറിയാൻ എന്നിവർ പ്രസംഗിച്ചു.

ഒരാഴ്ചയായി നടന്നു വന്ന കൺവൻഷനിൽ പാസ്റ്റേഴ്സ് കോൺഫ്രൻസ്, ശുശ്രൂഷക സമ്മേളനം, പൊതുയോഗം, സഹോദരി സമ്മേളനം, വേദപാഠശാലകളുടെ ബിരുധദാനം, പുത്രികാ സംഘടനകളായ സണ്ടേസ്കൂളിന്റെയും- വൈപിഇ യുടെയും സംയുക്ത സമ്മേളനം, വിവിധ ഡിപ്പാർട്ടുമെന്റുകളുടെ സമ്മേളനം, സ്നാനം, ഉൺർവ്വുയോഗം എന്നിവ നടന്നുവെന്ന് മീഡിയ കൺവീനർമാരായ പാസ്റ്റർമാരായ സാംകുട്ടി മാത്യുവും, ഷൈജു തോമസും അറിയിച്ചു.


WORLD OUTREACH MINISTRIES (WOM)

# BIBLE COLLEGE

ROYAL PARK, P.O. BOX NO. 51, PANANGADU, NEAR T.B., PUNALUR, KERALA-691 305

കഴിഞ്ഞ 22 വർഷങ്ങളായി പുനലൂർ ആസ്ഥാനമായി പ്രവർത്തിച്ചുവരുന്നതും അനേകം അഭിഷിക്തരായ ദൈവദാസിദാസന്മാരെ വചനം പഠിപ്പിച്ച് പുറത്ത് കൊണ്ടുവരുവാനും സർവകൃപാലുവായ ദൈവം WOM എന്ന സ്ഥാപനത്തെ സഹായിച്ചു.

**2017 ഏപ്രിൽ 17 – ാം തീയതി മുതൽ ക്ലാസുകൾ ആരംഭിക്കുന്നു**

കോഴ്സുകൾ

| കോഴ്സ് | സമയപരിധി | യോഗ്യത |
|---|---|---|
| G.Th. | 2 വർഷം | SSLC or above |
| C.Th. | 1 വർഷം | SSLC |

പ്രത്യേകതകൾ

- അഭിഷിക്തരും വിദ്യാസമ്പന്നരുമായ അധ്യാപകർ ക്ലാസുകൾ നയിക്കുന്നു
- പ്രായഭേദമെന്യേ ആർക്കും ചേരാവുന്നതാണ്
- താമസവും ഭക്ഷണവും പഠനവും സൗജന്യം (സഹോദരിമാർക്ക് താമസം തത്ക്കാലം ലഭ്യമല്ല)
- തിങ്കൾ, ചൊവ്വ, ബുധൻ മാത്രം ക്ലാസുകൾ
- താമസിച്ചും ദിവസേന ക്ലാസിൽ വന്നും പഠിക്കുവാൻ സൗകര്യമുണ്ട്
- കറസ്പോണ്ടൻസായി പഠിക്കാവുന്നതാണ്

**സുവിശേഷവേലയ്ക്കു വിളിയും സമർപ്പണവുമുള്ള സഹോദരിസഹോദരന്മാർ മാത്രം അപേക്ഷിക്കുക**

President
Dr. Jacob Kurian

Principal
Rev. Shoji Koshy
Mob: 9946914476

Manager
Pr. Varghese M. George
Mob: 9447044014

Registrar
Rev. Jinu Abraham
Mob: 9497619091



Printer, Publisher, owner & Edited by Sam T. Mukathala, Thenguvila House, Alummood P.O.,Kollam- 691 577. Ph: 0474-2708197. Printed at Cochin Printech for Mulamoottil Offset Printers, Minerva-Chenthra road, Kottarakkara Published at Alummoode, Kollam. Editor: JP Vennikulam